പത്തനംതിട്ട ദേവസ്വംജില്ല

&

ശബരിമല ഗ്രൂപ്പ്

സൂചിക

1. ആമുഖം	-	2
2. റിപ്പോർട്ട്	-	4
3. കൊട്ടാരക്കര ഗ്രൂപ്പ്	-	8
4. പുനലൂർ ഗ്രൂപ്പ്	-	125
5. ആറന്മുള ഗ്രൂപ്പ്	-	197
6. മുണ്ടക്കയം ഗ്രൂപ്പ്	-	311
7. തിരുവല്ല ഗ്രൂപ്പ്	-	356
8. ശബരിമല	-	448

ആമുഖം

തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ശുപാർശകൾ നൽകുന്നതിനായി, ശ്രീ. വി. രാമചന്ദ്രൻ നായർ (Formerly Chief Secretary to Government of Kerala) അദ്ധ്യക്ഷനും ശ്രീ. സി.എം. രാധാകൃഷ്ണൻ നായർ (Rtd. Secretary to Government of India and formerly Special Director, Central Bureau of Investigation), ശ്രീ. എ.എസ് ഉണ്ണി (Chartered Accountant) എന്നിവർ അംഗങ്ങളുമായി, ഒ.പി. നം. 3821/1990 പൊതുതാൽപര്യ ഹർജിയിലുള്ള11.04.1990-ലെ ഉത്തരവിലൂടെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി രൂപീകരിച്ച ഉന്നതാധികാര സമിതി, 1990 ആഗസ്റ്റ് മാസത്തിൽ സമർപ്പിച്ച റിപ്പോർട്ടിലെ 'Temples' എന്ന ശീർഷകത്തിലുള്ള രണ്ടാം അദ്ധ്യായത്തിലെ ശുപാർശകളിലെ ഖണ്ഡിക XV ചുവടെ ചേർക്കുന്നു.

"The strength of watchers in certain temples is far in excess and the strength of watchers should be refixed in different temples".

ബഹുമാനപ്പെട്ട ഹൈക്കോടതി, 10.04.1992-ലെ ഉത്തരവിൻ പ്രകാരം അംഗീകരിച്ച, സമിതിയുടെ ശുപാർശകളിൽ, മേൽ ഉദ്ധരിച്ച ഖണ്ഡികയും ഉൾപ്പെടുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള പല ക്ഷേത്രങ്ങളിലും ആവശ്യത്തിലധികം ക്ഷേത്രജീവനക്കാരുടെ തസ്തികകൾ അനുവദിച്ചിട്ടുള്ളതിനാൽ പുനർവിന്യസിക്കാവുന്ന തസ്തികകളുടെ വിവരങ്ങൾ ആവശ്യപ്പെട്ട്, 9.06.2006-ലെ ആർ.ഒ.സി. 9135/06/മിസ്.1 നമ്പർ ബോർഡുത്തരവിന്റെ അടിസ്ഥാനത്തിൽ, ദേവസ്വം കമ്മീഷണർ ഓഫീസിൽ നിന്നും 11.12.2006-ൽ ആർ.ഒ.സി. 16443/00/എസ് നമ്പർ സർക്കുലർ നൽകിയിരുന്നു. വിവരശേഖരണം നടത്തിയെങ്കിലും തുടർനടപടികൾ ഉണ്ടായില്ല.

തിരുവിതാംകൂർ ദേവസ്വം ബോർഡ് ഓഫീസുകളിലെയും ദേവസ്വങ്ങളിലെയും ജീവനക്കാരുടെ പുനർവിന്യാസം, അധികതസ്തികകൾ ഒഴിവാക്കൽ, സബ്ഗ്രൂപ്പുകളുടെ പുനഃക്രമീകരണം എന്നിവ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് ദേവസ്വം കമ്മീഷണർ അദ്ധ്യക്ഷനായി, 27.09.2012, 27.10.2012 തീയതികളിലെ 87/12/എസ്റ്റാ.1 നമ്പർ ബോർഡുത്തരവുകൾ പ്രകാരം രൂപീകരിച്ച സമിതി, ടൈപ്പിസ്റ്റ്, സ്ട്രോംഗ്റൂം ഗാർഡ്, സിറോക്സ് ഓപ്പറേററർ, പ്യൂൺ / ലാസ്കർ, ലിഫ്റ്റ് ഓപ്പറേററർ എന്നീ തസ്തികകളുമായി ബന്ധപ്പെട്ട് 31.01.2013-ൽ സമർപ്പിച്ച ശുപാർശയുടെ അടിസ്ഥാനത്തിൽ, പ്യൂൺ തസ്തികകൾ പന്ത്രണ്ടെണ്ണം പുനർവിന്യസിക്കുന്നതിന് അനുവദിച്ചു (04.06.2013-ലെ ആർ.ഒ.സി. 5989/13/എസ്റ്റാ.2 നമ്പർ ബോർഡ് ഉത്തരവ്).

തുടർന്ന്, സബ്ഗ്രൂപ്പുകളുടെ സംയോജനം, എസ്റ്റാബ്ലിഷ്മെന്റ്, ക്ഷേത്രജീവനവിഭാഗങ്ങളിലെ തസ്തികകളുടെ പുനർവിന്യാസം സംബന്ധിച്ച ശുപാർശകൾ, 13.02.2014, 05.08.2014 തീയതികളിലായി ദേവസ്വം കമ്മീഷണർ, ബോർഡിൽ സമർപ്പിച്ചു.

ടി റിപ്പോർട്ടുകളിലെ ശുപാർശകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പരിശോധന നടത്തി കൂടുതൽ വ്യക്തമായ റിപ്പോർട്ട് നൽകുന്നതിന് ചുമതലപ്പെടുത്തിയതിൻപ്രകാരം (15.10.2014-ലെ ആർ.ഒ.സി. 87/12/എസ്റ്റാ.1 നമ്പർ ബോർഡുത്തരവ്), ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ (ഇൻസ്പെക്ഷൻ) 18.03.2015-ൽ റിപ്പോർട്ട് സമർപ്പിച്ചു. എന്നാൽ, അതിന്മേലും തുടർനടപടി ഉണ്ടായില്ല.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്ഷേത്രജീവനക്കാർക്ക് ക്ലാസ് IV ആനുകൂല്യങ്ങൾ അനുവദിക്കുമ്പോൾ ഉണ്ടാകുന്ന അധിക സാമ്പത്തികബാദ്ധ്യത തുലനം ചെയ്യുന്നതിനായി അവശ്യതസ്തികകൾ മാത്രം നിലനിർത്തി, ബാക്കിയുള്ളവ കുറവ് ചെയ്യുന്നതിനും ജോലിഭാരം കുറവുള്ള തസ്തികകൾ സംയോജിപ്പിക്കുക, പുറമെ നിന്നും ആളെ നിയോഗിച്ച് ചെയ്യിക്കാവുന്ന പരമാവധി പ്രവൃത്തികൾ അപ്രകാരം ചെയ്യുക തുടങ്ങിയ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി വൈക്കം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറായിരുന്ന ശ്രീ. വി. ഹരീന്ദ്രനാഥിനെ നിയോഗിച്ചു (15.03.2017-ലെ ആർ.ഒ.സി. 15691/15/എസ്റ്റ.1 നമ്പർ ബോർഡുത്തരവ്).

ശ്രീ. വി. ഹരീന്ദ്രനാഥ് 03.06.2017-ൽ സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ച് നടപ്പിലാക്കുന്നതിനായി, 12.07.2019, 14.08.2019, 06.09.2019 തീയതികളിലെ ആർ.ഒ.സി. 87/12/എസ്റ്റ.1 നമ്പർ ബോർഡുത്തരവുകൾ പ്രകാരം രൂപീകരിച്ച, ദേവസ്വം കമ്മീഷണർ, ദേവസ്വം ബോർഡ് സെക്രട്ടറി, ചീഫ് എഞ്ചിനീയർ (ജനറൽ), ചീഫ് എഞ്ചിനീയർ, ദേവസ്വം അക്കൗണ്ട്സ് ഓഫീസർ, ശ്രീ. ജി. സന്തോഷ് (റിട്ട. ദേവസ്വം അക്കൗണ്ട്സ് ഓഫീസർ) എന്നിവരുൾപ്പെടുന്ന സമിതി, ക്ലാർക്ക് / സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ഓഫീസർ, സീനിയർ ക്ലാർക്ക് / ഫസ്റ്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ഓഫീസർ തസ്തികകളിലെ പുനർവിന്യാസവും അധിക തസ്തിക കുറവ് ചെയ്യലും സംബന്ധിച്ചുള്ള റിപ്പോർട്ട് 01.11.2019-ലും 27.07.1987-ലെ ആർ.ഒ.സി. 6997/85/എസ്റ്റ. നമ്പർ ബോർഡുത്തരവിൽ നിശ്ചയിച്ചിരുന്ന അനുപാതപ്രകാരം ക്ലാർക്ക് / സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ഓഫീസർ, സീനിയർ ക്ലാർക്ക് / ഫസ്റ്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ഓഫീസർ, ഹെഡ്ക്ലാർക്ക് / ഹയർഗ്രേഡ് സബ്ഗ്രൂപ്പ് ഓഫീസർ, ജൂനിയർ സൂപ്രണ്ട് / സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പ് ഓഫീസർ തസ്തികകളിലെ അനുപാതം ക്രമപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട റിപ്പോർട്ട് 03.02.2020-ലും ടൈപ്പിസ്റ്റ്, സ്ട്രോംഗ്റൂം ഗാർഡ്, പ്യൂൺ / ലാസ്കർ തസ്തികകളുടെ പുനർവിന്യാസവുമായി ബന്ധപ്പെട്ട റിപ്പോർട്ട് 25.02.2020-ലും ബഹുമാനപ്പെട്ട ബോർഡിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടുകൾ യഥാക്രമം 08.11.2019, 07.02.2020, 18.03.2020 തീയതികളിലെ ആർ.ഒ.സി. 87/12/എസ്റ്റ.1 നമ്പർ ഉത്തരവുകൾ പ്രകാരം ബോർഡ് അംഗീകരിച്ചു.

പുനർവിന്യാസ നടപടികളുടെ അടുത്ത ഘട്ടമായി ക്ഷേത്രജീവനക്കാരുടെ പുനർവിന്യാസം നടപ്പിൽ വരുത്തുന്നതിനുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിന്, 18.03.2020-ലെ ആർ.ഒ.സി. 87/12/എസ്റ്റ.1 നമ്പർ ബോർഡുത്തരവും പ്രകാരം പുനർവിന്യാസസമിതിയെ ചുമതലപ്പെടുത്തി.

അതിൻപ്രകാരം സമർപ്പിക്കുന്ന റിപ്പോർട്ട്.

റിപ്പോർട്ട്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ പുനർവിന്യാസ നടപടികളുടെ മൂന്നാം ഘട്ടമായി ക്ഷേത്രജീവനക്കാരുടെ പുനർവിന്യാസം നടപ്പിൽ വരുത്തുന്നതിനുള്ള റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് 18.03.2020-ൽ ആർ.ഒ.സി. 87/12/എസ്റ്റാ.1 നമ്പർ ബോർഡുത്തരവിലൂടെ പുനർവിന്യാസസമിതിയെ ചുമതലപ്പെടുത്തി (അനുബന്ധം-1). ആയതുമായി ബന്ധപ്പെട്ട തുടർനടപടികൾ കൂടിയാലോചിക്കുന്നതിനായി, സമിതിയുടെ ആദ്യ യോഗം 2020 ഏപ്രിൽ മാസം 21-ാം തീയതി ബോർഡ് ആസ്ഥാന മന്ദിരത്തിലെ കോൺഫറൻസ് ഹാളിൽ ചേർന്നു.

ക്ഷേത്ര ജീവനക്കാരുടെ അനിവാര്യമില്ലാത്ത തസ്തികകൾ കുറവ് ചെയ്ത് കൂടുതൽ തസ്തിക ആവശ്യമുള്ള ദേവസ്വങ്ങളിലേക്ക് പുനർവിന്യസിക്കൽ, അധിക തസ്തികകൾ കണ്ടെത്തി ഒഴിവാക്കൽ മുതലായ കാര്യങ്ങളിൽ, ഇതുമായി ബന്ധപ്പെട്ട മുൻ റിപ്പോർട്ടുകൾ കൂടി പരിഗണിച്ച്, കൂടുതൽ പരിശോധന നടത്തി വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിന് യോഗം തീരുമാനിച്ചു. പ്രസ്തുത നടപടികളുടെ ഭാഗമായി വിവരശേഖരണം നടത്തുന്നതിനുള്ള പ്രൊഫോർമകൾ (1 മുതൽ 6 വരെ) യോഗം അംഗീകരിച്ചു.

യോഗതീരുമാനപ്രകാരം വിവരശേഖരണത്തിനുള്ള പ്രൊഫോർമകൾ, ദേവസ്വം ബോർഡ് സെക്രട്ടറിയുടെ 23.04.2020-ലെ ആർ.ഒ.സി. 87/12/എസ്റ്റ.1 നമ്പർ സർക്കുലറിനൊപ്പം ബന്ധപ്പെട്ട ഓഫീസ് മേധാവികൾക്ക് അയച്ചു. (അനുബന്ധം-2)

മേൽപ്രകാരം ലഭ്യമാക്കിയ വിവരങ്ങൾക്കൊപ്പം കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിലുള്ള നിയന്ത്രണങ്ങളുമായി ബന്ധപ്പെട്ട പരിമിതികൾക്കുള്ളിലും ക്ഷേത്രഭരണത്തിൽ നേരിട്ട് പങ്കാളിത്തമുള്ള ഉദ്യോഗസ്ഥരുടെ വിലപ്പെട്ട അഭിപ്രായങ്ങളും റിപ്പോർട്ട് തയ്യാറാക്കുന്നതിന് അവലംബിച്ചിട്ടുണ്ട്.

പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ റിപ്പോർട്ടിൽ പ്രത്യേകം ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽകൂടുതൽ ജീവനക്കാർ നിലവിലുള്ള തസ്തികകളിൽ ജോലി നോക്കിവരുന്നുണ്ടെന്നതിനാൽ, കൂടുതലായുള്ള തസ്തികകൾ 'സൂപ്പർന്യൂമററി' തസ്തികകളായി നിലനിർത്തി, ഇപ്പോഴുള്ള ജീവനക്കാർ സർവ്വീസിൽ നിന്നും വിരമിക്കുന്ന / വിട്ടുപോകുന്ന മുറയ്ക്ക്, തസ്തികകൾ ഘട്ടംഘട്ടമായി കുറവ് ചെയ്യാവുന്നതാണ്.

കുറവ് ചെയ്യുന്നതിന് റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുള്ള തസ്തികകളിൽ ഇപ്പോൾ ജോലിനോക്കിവരുന്ന ജീവനക്കാർക്ക് അസൗകര്യമുണ്ടാകാതെയും ഇതുമായി ബന്ധപ്പെട്ട നടപടികൾ സങ്കീർണ്ണമാകാതെയും പുനർവിന്യാസം നടപ്പിൽ വരുത്തേണ്ടതുണ്ട്. ആകയാൽ, പുനർവിന്യാസ നടപടികൾ അതത് ജില്ലാഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരുടെ മേൽനോട്ടത്തിൽ നടത്തുന്നതാകും ഉചിതം. ആയത് സംബന്ധിച്ച നിർദ്ദേശം ജില്ലാഡെപ്യൂട്ടിദേവസ്വംകമ്മീഷണർമാർക്ക് നൽകാവുന്നതാണ്.

വരുമാന കുറവുള്ള ദേവസ്വങ്ങളിലെ ഫുൾടൈം ശാന്തി, വരുമാന കുറവുള്ള ദേവസ്വങ്ങളിലെ ജോലികുറവുള്ള ഫുൾടൈം പഞ്ചവാദ്യം, ഫുൾടൈം കഴകം, ഫുൾടൈം തളി തസ്തികകൾ യഥാക്രമം പാർട്ട്ടൈം ശാന്തി, പാർട്ട്ടൈം പഞ്ചവാദ്യം, പാർട്ട്ടൈം കഴകം, പാർട്ട്ടൈം തളി തസ്തികകളായി മാററുന്നതിനും ഫുൾടൈം തളി തസ്തികയും പാർട്ട്ടൈം തളി തസ്തികയും നിലവിലുള്ള ഏതാനും ദേവസ്വങ്ങളിൽ ഫുൾടൈം തളി തസ്തിക ഒഴിവാക്കി പാർട്ട്ടൈം തളി തസ്തിക നിലനിർത്തുന്നതിനും അത്തരം തസ്തികകളിലെ ജീവനക്കാർക്ക് അധികഅലവൻസ് നൽകുന്നതിനും റിപ്പോർട്ടിൽ ശുപാർശ ഉൾപ്പെടുത്തിയിട്ടുണ്ട്. അധികഅലവൻസ് തുക ബഹുമാനപ്പെട്ട ബോർഡിൽ നിന്നും നിശ്ചയിക്കാവുന്നതാണ്.

കൂടാതെ, മേൽപ്രതിപാദിച്ച പാർട്ട്ടൈം തസ്തികകൾ നിയമനം നടക്കാതെ ഒഴിഞ്ഞുകിടക്കുന്ന അവസരങ്ങളിൽ, പ്രസ്തുത പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി പുറമെ നിന്നും നിയോഗിക്കപ്പെടുന്നവർക്ക് അതത് പ്രവൃത്തികളുടെ ഫുൾടൈം തസ്തികകളിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതികൊടുക്കുന്നതിന് അനുമതി നൽകാവുന്നതാണ്. അപ്രകാരം ഫുൾടൈം തസ്തികകളിലെ പകരംവ്യവസ്ഥ അലവൻസ് ചെലവെഴുതാവുന്ന പാർട്ട്ടൈം തസ്തികകളുടെ പട്ടിക ഓരോ ഗ്രൂപ്പിനെയും സംബന്ധിച്ച റിപ്പോർട്ടിന്റെ അവസാന ഭാഗത്ത് (സ്റ്റേററ്മെന്റ് -4) ഉൾപ്പെടുത്തിയിട്ടുണ്ട്.

മണ്ഡലപൂജാ കാലയളവിൽ കളമെഴുത്തും പാട്ടുമുള്ളതിനാലാണ്, പല ദേവസ്വങ്ങളിലും ജോലി കുറവാണെങ്കിലും ഫുൾടൈം പഞ്ചവാദ്യം തസ്തികകൾ നിലനിർത്തിയിരിക്കുന്നത്. വരുമാനകുറവുള്ളതും ജോലികുറവുള്ളതുമായ ഏതാനും ദേവസ്വങ്ങളിലെ ഫുൾടൈം പഞ്ചവാദ്യം തസ്തികകൾ പാർട്ട്ടൈം പഞ്ചവാദ്യ തസ്തികകളാക്കി മാററുന്നതിനുള്ള ശുപാർശ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, അക്കാരണത്താൽ ക്ഷേത്ര ചടങ്ങുകൾക്കോ വഴിപാടുകൾക്കോ മുടക്കം വരാൻ പാടുള്ളതല്ല. അതിനാൽ, ഫുൾടൈം പഞ്ചവാദ്യം തസ്തികകൾ പാർട്ട്ടൈം പഞ്ചവാദ്യം തസ്തികകളാക്കുന്നതിന് റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുള്ള ദേവസ്വങ്ങളിലെ

പാർട്ട്ടൈം പഞ്ചവാദ്യ ജീവനക്കാർക്ക്, കളമെഴുത്തുംപാട്ടുള്ള ദിവസങ്ങളിൽ മിനിമം ദിനബത്ത പ്രത്യേക അലവൻസായി ചെലവെഴുതി കൊടുക്കുന്നതിനും അതിന് പര്യാപ്തമായ തുക കൂടി ചേർന്ന തുക നിലവിലെ നിരക്കിനൊപ്പം വഴിപാടുകാരിൽ നിന്നും ഈടാക്കുന്നതിനും അനുമതി നൽകാവുന്നതാണ്.

പുനർവിന്യാസം പൂർണ്ണമായി നടപ്പിൽ വരുമ്പോൾ, ശാന്തി ഒഴികെയുള്ള തസ്തികകളിലെ ജീവനക്കാരുടെ, പ്രത്യേകിച്ച് കഴകം, തളി ജീവനക്കാരുടെ എണ്ണത്തിൽ കുറവുണ്ടാകുന്നതാണ്. ടി തസ്തികകളിലെ ജീവനക്കാരുടെ കുറവ് ഉൽസവം തുടങ്ങിയ വിശേഷങ്ങളുടെ നടത്തിപ്പിന് തടസ്സമുണ്ടാകാൻ പാടുള്ളതല്ല. അതിനാൽ, ഉൽസവം തുടങ്ങിയ വിശേഷങ്ങൾക്ക് മുൻ വർഷങ്ങളിൽ സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയോഗിച്ച കഴകം, തളി ജീവനക്കാരുടെ എണ്ണത്തിൽ കുറവ് വരുന്ന അത്രയുംപേരെ, അതത് ജില്ലാഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരുടെ അംഗീകാരത്തോടെ അതത് കാലയളവിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിലുള്ള അലവൻസ് നൽകി പുറമെനിന്നും ആളെ നിയോഗിക്കുന്നതിന് ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്ക് അനുവാദം നൽകാവുന്നതാണ്. മേൽപ്രകാരം കഴകം, തളി പ്രവൃത്തികൾക്കായി ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിക്കപ്പെടുന്നവരുടെയും സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയോഗിക്കുന്ന കഴകം, തളി ജീവനക്കാരുടെയും എണ്ണം മുൻവർഷത്തെ ഉൽസവത്തിന് / വിശേഷത്തിന് സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയോഗിച്ച ടി തസ്തികകളിലെ ജീവനക്കാരുടെ എണ്ണത്തിൽ അധികരിക്കാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. ഏതെങ്കിലും സാഹചര്യത്തിൽ മുകളിൽ നിർദ്ദേശിച്ചതിൽ കൂടുതൽ ആൾക്കാരെ, ഉൽസവം തുടങ്ങിയ വിശേഷങ്ങളുമായി ബന്ധപ്പെട്ട് പുറമെനിന്നും നിയോഗിക്കേണ്ടിവരുന്നപക്ഷം ദേവസ്വംകമ്മീഷണറുടെ മുൻകൂർ അനുവാദം വാങ്ങേണ്ടതാണെന്ന് നിർദ്ദേശിക്കാവുന്നതുമാണ്.

പുനഃക്രമീകരണം പ്രാബല്യത്തിൽ വരുമ്പോൾ, തസ്തിക കുറവ് വരുന്ന ദേവസ്വങ്ങളിലെ പ്രാധാന്യമുള്ള ദിവസങ്ങളിൽ സബ്ഗ്രൂപ്പിനുള്ളിലെ മററ് ദേവസ്വങ്ങളിൽ നിന്നും ജീവനക്കാരെ വഴിപാട് രസീതെഴുതുന്നതിനായി നിയോഗിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ച്, ആവശ്യമാണെന്ന് കാണുന്നപക്ഷം അതുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് അതത് ദേവസ്വം അഡ്മിനിസ്ട്രേററീവ് ഓഫീസർ/ സബ്ഗ്രൂപ്പ് ഓഫീസർമാരെ ചുമതലപ്പെടുത്താവുന്നതാണ്.

കുറഞ്ഞവരവും ചെലവ് വരവിനേക്കാൾ വളരെ കൂടുതലുള്ളതുമായ ദേവസ്വങ്ങളിലെയും ജോലിഭാരം കുറവുള്ള ദേവസ്വങ്ങളിലെയും കഴകം, തളി മുതലായ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി പുറമെനിന്നും ആളെ നിയോഗിക്കുന്നതിനുള്ള

ശുപാർശ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം നിയോഗിക്കപ്പെടുന്നവർ സ്വഭാവശുദ്ധിയുള്ളവരും ക്ഷേത്രാചാരങ്ങൾ മാനിക്കുന്നവരുമായിരിക്കണമെന്ന് ഉറപ്പാക്കുന്നതിനൊപ്പം അവർ കൈകാര്യം ചെയ്യുന്നതും അവർക്ക് പ്രാപ്യമായതുമായ ക്ഷേത്രവസ്തുക്കൾക്ക് കേടുപാടുകൾ സംഭവിക്കാതിരിക്കുന്നതിനും അവ നഷ്ടപ്പെടാതിരിക്കുന്നതിനുമുള്ള ജാഗ്രത, അതത് ദേവസ്വങ്ങളിലെ പ്രധാന ഉദ്യോഗസ്ഥർ പുലർത്തേണ്ടതാണ്.

മേൽപ്രകാരം നിയമിക്കപ്പെടുന്നവരുടെ തിരിച്ചറിൽ രേഖകളുടെ പകർപ്പും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലവും വാങ്ങി സൂക്ഷിക്കുന്നതിന് അതത് ദേവസ്വങ്ങളിലെ അഡ്മിനിസ്ട്രേററീവ് ഓഫീസർ / സബ്ഗ്രൂപ്പ് ഓഫീസർമാർക്ക് നിർദ്ദേശം നൽകാവുന്നതാണ്. സത്യവാങ്മൂലത്തിന്റെ മാതൃക നിയമവിഭാഗം മുഖാന്തിരം തയ്യാറാക്കി നൽകാവുന്നതുമാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡ് ഭരണത്തിലുള്ള ക്ഷേത്രങ്ങളിൽ (2019-2020 വർഷത്തെ വരവ് - ചെലവിന്റെ അടിസ്ഥാനത്തിൽ) 10 ശതമാനത്തിൽ താഴെ മാത്രമാണ് സ്വയംപര്യാപ്തമായ ക്ഷേത്രങ്ങളുടെ ഗണത്തിൽപ്പെടുന്നവ.

അരഡസനിൽ കൂടുതൽ തസ്തികകളുള്ളതും എന്നാൽ, ഒരു തസ്തികയിലെ ജീവനക്കാരന്റെ ശമ്പളം നൽകുന്നതിന് പര്യാപ്തമായ വരവില്ലാത്തതുമായ ക്ഷേത്രങ്ങളും പ്രതിമാസം ശരാശരി 3,000 രൂപയിൽ താഴെ വരവുള്ളതും 80,000 രൂപയ്ക്ക് മുകളിൽ ചെലവുള്ളതുമായ ക്ഷേത്രങ്ങളും ബോർഡ് ഭരണത്തിലുണ്ട്.

2019-2020 വർഷത്തെ വരവ് - ചെലവ്, ജീവനക്കാരുടെ ജോലിഭാരം, ക്ഷേത്രം ഇപ്പോഴത്തെതിനേക്കാൾ അഭിവൃദ്ധിപ്പെടുന്നതിനുള്ള സാദ്ധ്യത തുടങ്ങിയ കാര്യങ്ങൾ വിലയിരുത്തി, അതിന്റെ അടിസ്ഥാനത്തിലാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ, ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും പ്രവർത്തനമികവും ഉപദേശകസമിതികളുടെ സഹകരണവും ചില ക്ഷേത്രങ്ങളുടെ നിലവിലെ സ്ഥിതിക്ക് കാര്യമായ മാററം ഭാവിയിലുണ്ടായേക്കാം. അതിനാൽ, അഞ്ച് വർഷത്തിലൊരിക്കൽ പുനഃപരിശോധന നടത്തി തസ്തികകൾ പുനഃക്രമീകരിക്കാവുന്നതാണ്.

കൊട്ടാരക്കര ഗ്രൂപ്പ്

കുലശേഖരനല്ലൂർ സബ്ഗ്രൂപ്പ്

പി.ഡി.മണികണ്ഠേശ്വരം ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം
1.	ശാന്തി	4
2.	വാച്ചർ	3
3.	നാഗസ്വരം	1
4.	തകിൽ	1
5.	പഞ്ചവാദ്യം	2
6.	കഴകം	2
7.	തളി (ഫുൾടൈം)	2
8.	തളി (പാർട്ട്ടൈം)	1
	ആകെ	**16**

പി.ഡി.മണികണ്ഠേശ്വരം ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 8,58,75,211 രൂപ. ചെലവ് 98,43,699 രൂപ (അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ശമ്പളം ഒഴികെ).

പി.ഡി.മണികണ്ഠേശ്വരം ദേവസ്വത്തിലെ തളി തസ്തികയിലെ ജീവനക്കാരാണ് കൊട്ടാരക്കരയിൽ പ്രവർത്തിക്കുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡ് ഓഫീസുകളിലെ തൂപ്പ്ജോലികൾ നിർവ്വഹിച്ചുവരുന്നത്. പ്രസ്തുത ക്രമീകരണം തുടരേണ്ടതാണ്

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	4
2.	വാച്ചർ	3
3.	നാഗസ്വരം	1
4.	തകിൽ	1
5.	പഞ്ചവാദ്യം	2
6.	കഴകം	2
7.	തളി (ഫുൾടൈം)	2
8.	തളി (പാർട്ട്ടൈം)	1
	ആകെ	**16**

കുലശേഖരനല്ലൂർ ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം
1.	ശാന്തി	1		1.	തളി	1
2.	പഞ്ചവാദ്യം (കാരാണ്മ)	2				
3.	കഴകം	1				
4.	തളി	1				
	ആകെ	**5**			**ആകെ**	**1**

കുലശേഖരനല്ലൂർ ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 17,45,137 രൂപ. ചെലവ് 24,97,107 രൂപ. വരവിനെ അധികരിച്ച ചെലവ് 7,51,970 രൂപ.

അധികരിച്ച ചെലവ് കണക്കിലെടുത്ത്, തളി തസ്തിക ഒഴിവാക്കാവുന്നതും കുലശേഖരനല്ലൂർ ദേവസ്വത്തിലെ തളിപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് തളി തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1
2.	പഞ്ചവാദ്യം (കാരാണ്മ)	2
3.	കഴകം	1
	ആകെ	**4**

തെററിയോട് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	ശാന്തി (പാർട്ട്ടൈം)	1		1.	കഴകം (പാർട്ട്ടൈം)	1	അറയ്ക്കൽ സബ്ഗ്രൂപ്പിൽപ്പെട്ട പൊലിക്കോട് ദേവസ്വത്തിലേക്ക് മാററവുന്നതാണ്.
2.	കഴകം (പാർട്ട്ടൈം)	1					
	ആകെ	**2**			**ആകെ**	**1**	

തെററിയോട് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 1,56,315 രൂപ. ചെലവ് 2,68,116 രൂപ. വരവിനെ അധികരിച്ച ചെലവ് 1,11,801 രൂപ.

തെററിയോട് ദേവസവത്തിലെ പാർട്ട്ടൈം കഴകം തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. പാർട്ട്ടൈം കഴകം തസ്തികയിൽ ജീവനക്കാരനെ നിയോഗിച്ച്, ടിയാന്റെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

ക്ഷേത്രവരവിലെ കുറവും കുറഞ്ഞ ജോലിഭാരവും കണക്കിലെടുത്ത്, പാർട്ട്ടൈം കഴകം തസ്തിക അറയ്ക്കൽ സബ്ഗ്രൂപ്പിൽപ്പെട്ട പൊലിക്കോട് ദേവസ്വത്തിലേക്ക് മാററവുന്നതും തെററിയോട് ദേവസ്വത്തിലെ കഴകപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ (പാർട്ട്ടൈം) നിയോഗിക്കുന്നതിനും ടിയാൾക്ക് പാർട്ട്ടൈം കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

പനയ്ക്കൽകാവ് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

പനയ്ക്കൽകാവ് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 1,45,239 രൂപ. ചെലവ് 1,63,209 രൂപ. വരവിനെ അധികരിച്ച ചെലവ് 17,970 രൂപ.

പനയ്ക്കൽകാവ് ദേവസ്വത്തിൽ പാർട്ട്ടൈം ശാന്തി തസ്തിക മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ക്ഷേത്രവും പരിസരവും വൃത്തിയാക്കുക, പൂജാപാത്രങ്ങൾ, നിവേദ്യപാത്രങ്ങൾ, വിളക്കുകൾ തുടങ്ങിയവ ശുചിയാക്കുക മുതലായ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ (പാർട്ട്ടൈം) നിയോഗിക്കുന്നതിനും ടിയാൾക്ക് പാർട്ട്ടൈം തളി തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

പട്ടാഴി സബ്ഗ്രൂപ്പ്

പട്ടാഴി ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	4		1.	വാച്ചർ	1
2.	വാച്ചർ	3		2.	പാത്രംതേപ്പ് - പുറംതൂപ്പ്	1
3.	നാഗസ്വരം	1				
3.	തകിൽ	1				
4.	പഞ്ചവാദ്യം	1				
5.	കഴകം (കാരാണ്മ)	1				
6.	കാരാണ്മ കഴകം (പാർട്ട്ടൈം)	1				
7.	തളി	2				
8.	പാത്രംതേപ്പ് - പുറംതൂപ്പ്	1				
					ആകെ	**2**
	ആകെ	**15**				

പട്ടാഴി ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 1,50,77,543 രൂപ. ചെലവ് 74,92,668 രൂപ.

ജോലിഭാരം പരിഗണിച്ചതിൽ, രണ്ട് വാച്ചർമാരുടെ സേവനം മതിയാകുമെന്നും പാത്രംതേപ്പ് പുറംതൂപ്പ് പ്രവൃത്തികൾക്കായി തസ്തിക നിലനിർത്തേണ്ടതില്ലായെന്നും വിലയിരുത്തുന്നു. വാച്ചർ തസ്തിക ഒരെണ്ണവും പാത്രംതേപ്പ് - പുറംതൂപ്പ് തസ്തികയും ഒഴിവാക്കാവുന്നതാണ്.

ഒഴിവാക്കുന്ന പാത്രംതേപ്പ് - പുറംതൂപ്പ് തസ്തികയിലെ ജീവനക്കാരൻ നിർവ്വഹിച്ചുവരുന്ന പ്രവൃത്തികൾ ചെയ്യുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് തളി തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	4
2.	വാച്ചർ	2
3.	നാഗസ്വരം	1
4.	തകിൽ	1
5.	പഞ്ചവാദ്യം	1
6.	കഴകം (കാരാണ്മ)	1
7.	കാരാണ്മ കഴകം (പാർട്ട്ടൈം)	1
8.	തളി	2
	ആകെ	**13**

കൊട്ടാരക്കര സബ്ഗ്രൂപ്പ്

കൊട്ടാരക്കര ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം	റിമാർക്സ്
1.	ശാന്തി	2		1.	പഞ്ചവാദ്യം (പാർട്ട്ടൈം)	1	അറയ്ക്കൽ സബ്ഗ്രൂപ്പിൽപ്പെട്ട പി.ഡി. അറയ്ക്കൽ ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
2.	കൈസ്ഥാനി (കാരാണ്മ)	1		2	തളി	1	
3.	വാച്ചർ	2		3	കഴകം	1	തൃക്കണ്ണമംഗൽ ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
4.	നാഗസ്വരം	1					
5	തകിൽ	1					
6	പഞ്ചവാദ്യം	1					
7	പഞ്ചവാദ്യം (പാർട്ട്ടൈം)	1					
8	പഞ്ചവാദ്യം (കാരാണ്മ)	1					
9.	കഴകം	3					
10.	തളി	3			**ആകെ**	**3**	
	ആകെ	**16**					

ക്രമ നമ്പർ	പുതുതായി അനുവദിക്കാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

ക്രമ നമ്പർ	പുനർവിന്യാസത്തിലൂടെ വരുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	തളി (പാർട്ട്ടൈം)	1	തൃക്കണ്ണമംഗൽ ദേവസ്വത്തിലെ പാർട്ട്ടൈം തളി തസ്തിക കൊട്ടാരക്കര ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
	ആകെ	**1**	

കൊട്ടാരക്കര ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 86,78,967 രൂപ. ചെലവ് 76,75,090 രൂപ.

കൊട്ടാരക്കര ദേവസ്വത്തിലെ വാച്ചർ, കഴകം, തളി തസ്തികകൾ ഒരെണ്ണം വീതവും പാർട്ട്ടൈം പഞ്ചവാദ്യം തസ്തികയും ഒഴിഞ്ഞുകിടക്കുകയാണ്. ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ ജീവനക്കാരെ നിയോഗിച്ച്, ടിയാളുകളുടെയും സബ്ഗ്രൂപ്പ് ഓഫീസറുടെയും ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

ജോലിഭാരം പരിഗണിച്ചതിൽ, കഴകം, തളി തസ്തികകളിൽ രണ്ട്വീതം ജീവനക്കാരുടെ സേവനം മതിയാകുമെന്ന് ബോദ്ധ്യപ്പെടുന്നു. പാർട്ട്ടൈം പഞ്ചവാദ്യ തസ്തികയും അനിവാര്യമല്ല. ആകയാൽ, കൊട്ടാരക്കര ദേവസ്വത്തിലെ കഴകം തസ്തിക ഒരെണ്ണം തൃക്കണ്ണമംഗൽ ദേവസ്വത്തിലേക്കുംപാർട്ട്ടൈം പഞ്ചവാദ്യം തസ്തിക അറയ്ക്കൽ സബ്ഗ്രൂപ്പിൽപ്പെട്ട പി.ഡി. അറയ്ക്കൽ ദേവസ്വത്തിലേക്കും മാററാവുന്നതാണ്.

കൊട്ടാരക്കര ദേവസ്വത്തിലെ തളി തസ്തികയിലെ ഒരു ജീവനക്കാരിയെ പുരാവസ്തു വകുപ്പിന് കീഴിലുള്ള പൈതൃകം മ്യൂസിയത്തിൽ ഡ്യൂട്ടിക്കായി നിയോഗിച്ചിരിക്കുകയാണ്. രാവിലെ 10 മണി മുതൽ 5 മണി വരെയാണ് മ്യൂസിയത്തിന്റെ പ്രവർത്തനം. ബോർഡിനു കീഴിലുള്ള വിവിധ ക്ഷേത്രങ്ങളിലെ പൗരാണികപ്രാധാന്യമുള്ള വിളക്കുകൾ, പാത്രങ്ങൾ തുടങ്ങിയവ മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. അവയുടെ സൂക്ഷിപ്പിനായാണ് കൊട്ടാരക്കര ദേവസ്വത്തിലെ തളിയെ നിയോഗിച്ചിരിക്കുന്നത്. പ്രസ്തുത പ്രവൃത്തിക്ക് മാത്രമായി ഒരു ഫുൾടൈം ജീവനക്കാരിയെ നിയോഗിക്കേണ്ട ആവശ്യകതയുള്ളതായി കാണുന്നില്ല. ആകയാൽ, ടി പ്രവൃത്തിക്കായി കൊട്ടാരക്കര ദേവസ്വത്തിലെ ഫുൾടൈം തളി തസ്തിക ഒരെണ്ണം ഒഴിവാക്കാവുന്നതും പകരം തൃക്കണ്ണമംഗൽ ദേവസ്വത്തിലെ പാർട്ട്ടൈം തളി തസ്തിക കൊട്ടാരക്കര ദേവസ്വത്തിലേക്ക് മാററാവുന്നതുമാണ്. ടി പാർട്ട്ടൈം തളി തസ്തികയിൽ നിയോഗിക്കപ്പെടുന്ന ആളെ പൈതൃകം മ്യൂസിയം ഡ്യൂട്ടിക്കായി നിയോഗിക്കാവുന്നതാണ്. രാവിലെയും വൈകുന്നേരവും ക്ഷേത്രത്തിൽ ഹാജരായി കർത്തവ്യനിർവ്വഹണം നടത്തുന്ന പാർട്ട്ടൈം തളി തസ്തികയിലെ ജീവനക്കാർക്ക് നിശ്ചയിക്കുന്ന അധികഅലവൻസ്, ടി പാർട്ട്ടൈം തളിജീവനക്കാരിക്ക് ചെലവെഴുതി നൽകുന്നതിന് അനുമതി നൽകാവുന്നതുമാണ്.

കൊട്ടാരക്കര ദേവസ്വത്തിൽ എട്ട് ഉപനടകൾ ഉള്ളതാണ്. ഉപനടകളിലെ പൂജകൾ നടത്തുന്നത് കീഴ്ശാന്തിയുടെ കർത്തവ്യങ്ങളിൽ ഉൾപ്പെടുന്നതാണ്. കീഴ്ശാന്തി നിർവ്വഹിക്കേണ്ടുന്ന മററ് പ്രവൃത്തികൾക്കൊപ്പം ഉപനടകളിലെ വഴിപാടുകൾ നടത്തുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുവെന്ന് വിലയിരുത്തുന്നു. പ്രസ്തുത സാഹചര്യത്തിൽ കൊട്ടാരക്കര ദേവസ്വത്തിൽ ഒരു പാർട്ട്ടൈം ശാന്തി തസ്തിക പുതുതായി അനുവദിക്കാവുന്നതാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം	റിമാർക്സ്
1.	ശാന്തി	2	
2.	ശാന്തി (പാർട്ട്ടൈം)	1	
3.	കൈസ്ഥാനി (കാരാണ്മ)	1	
4.	വാച്ചർ	2	
5.	നാഗസ്വരം	1	
6.	തകിൽ	1	
7.	പഞ്ചവാദ്യം	1	
8.	പഞ്ചവാദ്യം (കാരാണ്മ)	1	
9.	കഴകം	2	
10.	തളി	2	
11.	തളി (പാർട്ട്ടൈം)	1	പൈതൃകം മ്യൂസിയത്തിൽ ഡ്യൂട്ടി നിർവ്വഹിക്കേണ്ടതാണ്.
	ആകെ	**15**	

തൃക്കണ്ണമംഗൽ ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം	റിമാർക്സ്
1.	ശാന്തി	1		1.	കഴകം (പാർട്ട്ടൈം)	1	പുനലൂർ ഗ്രൂപ്പിലെ അഷ്ടമംഗലം സബ്ഗ്രൂപ്പിൽപ്പെട്ട മാവിള ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
2.	വാച്ചർ	1		2.	തളി (പാർട്ട്ടൈം)	1	കൊട്ടാരക്കര ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
3.	പഞ്ചവാദ്യം (പാർട്ട്ടൈം)	1					
4.	കഴകം (പാർട്ട്ടൈം)	1			**ആകെ**	**2**	
5.	തളി (പാർട്ട്ടൈം)	1					
	ആകെ	**5**					

ക്രമ നമ്പർ	പുനർവിന്യാസത്തിലൂടെ വരുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	കഴകം	1	കൊട്ടാരക്കര ദേവസ്വത്തിലെ കഴകം തസ്തിക തൃക്കണ്ണമംഗൽ ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
	ആകെ	**1**	

തൃക്കണ്ണമംഗൽ ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 11,62,031 രൂപ. ചെലവ് 16,41,445 രൂപ. വരവിനെ അധികരിച്ച ചെലവ് 4,79,414 രൂപ.

ജോലിഭാരം പരിഗണിച്ചതിൽ, തൃക്കണ്ണംഗൽ ദേവസ്വത്തിലെ കഴകം, തളിപ്രവൃത്തികൾ ഒരാൾക്ക് നിർവ്വഹിക്കാവുന്നതേയുള്ളുവെന്ന് കാണുന്നു. എന്നാൽ, ഫുൾടൈം ക്ഷേത്രമായതിനാൽ രാവിലെയും വൈകുന്നേരവും ടി പ്രവൃത്തിക്കായി ഒരാളുടെ സേവനം അനിവാര്യമാണെന്നും കാണുന്നു. ആകയാൽ, പാർട്ട്ടൈം തളി തസ്തിക കൊട്ടാരക്കര ദേവസ്വത്തിലേക്കും കൊട്ടാരക്കര ദേവസ്വത്തിലെ ഫുൾടൈം കഴകം തസ്തിക തൃക്കണ്ണമംഗൽ ദേവസ്വത്തിലേക്കും മാററാവുന്നതാണ്. ഫുൾടൈം കഴകം തസ്തിക അനുവദിക്കുന്ന സാഹചര്യത്തിൽ, തൃക്കണ്ണംഗൽ ദേവസ്വത്തിലെ പാർട്ട്ടൈം കഴകം തസ്തിക പുനലൂർ ഗ്രൂപ്പിലെ അഷ്ടമംഗലം സബ്ഗ്രൂപ്പിൽപ്പെട്ട മാവിള ദേവസ്വത്തിലേക്ക് മാററാവുന്നതാണ്. കിടമുറ ഡ്യൂട്ടി നിർവ്വഹിക്കേണ്ടതുണ്ടെന്നതിനാൽ തൃക്കണ്ണമംഗൽ ദേവസ്വത്തിലെ ഫുൾടൈം കഴകം തസ്തികയിൽ പുരുഷജീവനക്കാരനെ നിയോഗിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം	റിമാർക്സ്
1.	ശാന്തി	1	
2.	വാച്ചർ	1	
3.	പഞ്ചവാദ്യം (പാർട്ട്ടൈം)	1	
4.	കഴകം	1	പുരുഷജീവനക്കാരനെ നിയോഗിക്കേണ്ടതാണ്
	ആകെ	**4**	

കടകുളം ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1		1.	ശാന്തി	1
2.	കഴകം	1		2.	കഴകം	1
	ആകെ	**2**			**ആകെ**	**2**

ക്രമ നമ്പർ	പുതുതായി അനുവദിക്കാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

കടകുളം ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 2,34,515 രൂപ. ചെലവ് 9,01,411 രൂപ. വരവിനെ അധികരിച്ച ചെലവ് 6,66,896 രൂപ (വരവിന്റെ നാലിരട്ടിയോളമാണ് ചെലവ്).

പ്രതിമാസം ശരാശരി 19,600 രൂപയിൽ താഴെ വരവും 75,000 രൂപയ്ക്ക് മുകളിൽ ചെലവുമുള്ള കടകുളം ദേവസ്വത്തിലെ ശാന്തിപ്രവൃത്തിക്കായി ഫുൾടൈം തസ്തിക നിലനിർത്തേണ്ടതില്ലായെന്ന് വിലയിരുത്തുന്നു. ഫുൾടൈം ശാന്തി തസ്തിക ഒഴിവാക്കാവുന്നതും പകരം പാർട്ട്ടൈം ശാന്തി തസ്തിക അനുവദിക്കാവുന്നതുമാണ്. ഫുൾടൈം ക്ഷേത്രമാകയാൽ കടകുളം ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തി തസ്തികയിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. രണ്ടുനേരവും ക്ഷേത്രത്തിൽ ഹാജരായി ശാന്തിപ്രവൃത്തി നിർവ്വഹിക്കുന്ന പാർട്ട്ടൈം ശാന്തിക്ക് അനുവാദമുള്ള അധികഅലവൻസ്, കടകുളം ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തിക്ക് ചെലവെഴുതി കൊടുക്കുന്നതിന് അനുമതി നൽകാവുന്നതുമാണ്.

കടകുളം ദേവസ്വത്തിലെ കഴകം തസ്തിക ഒഴിവാക്കാവുന്നതും, ഒഴിവാക്കുന്ന തസ്തികയിലെ ജീവനക്കാരൻ നിർവ്വഹിച്ചുവരുന്ന പ്രവൃത്തികൾ ചെയ്യുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	ശാന്തി (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്
	ആകെ	**1**	

അറയ്ക്കൽ സബ്ഗ്രൂപ്പ്

പി.ഡി.അറയ്ക്കൽ ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	കലയം (കാരാണ്മ)	1		1.	പഞ്ചവാദ്യം	1
2.	ശാന്തി	1		2.	തളി (പാർട്ട്ടൈം)	1
3.	വാച്ചർ	1				
4.	നാഗസ്വരം	1				
5.	തകിൽ	1				
6.	പഞ്ചവാദ്യം	1				
7.	കഴകം	1				
8.	തളി	1				
9.	തളി (പാർട്ട്ടൈം)	1				
10.	പാർട്ട്ടൈം ഊരാളി (കാരാണ്മ)	1			**ആകെ**	**2**
	ആകെ	**10**				

ക്രമ നമ്പർ	പുനർവിന്യാസത്തിലൂടെ വരുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	പഞ്ചവാദ്യം (പാർട്ട്ടൈം)	1	കൊട്ടാരക്കര സബ്ഗ്രൂപ്പിൽപ്പെട്ട കൊട്ടാരക്കര ദേവസ്വത്തിലെ പാർട്ട്ടൈം പഞ്ചവാദ്യം തസ്തിക പി.ഡി. അറയ്ക്കൽ ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
2.	വാച്ചർ	1	ഇരുമ്പൂഴിക്കുന്ന് ദേവസ്വത്തിലെ വാച്ചർ തസ്തിക പി.ഡി. അറയ്ക്കൽ ദേവസ്വത്തിലേക്ക് മാററാവുന്നതാണ്
	ആകെ	**2**	

അറയ്ക്കൽ ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 55,48,276 രൂപ. ചെലവ് 43,45,176 രൂപ.

പി.ഡി. അറയ്ക്കൽ ദേവസ്വത്തിലെ കഴകം, പാർട്ട്ടൈം തളി തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത തസ്തികകളിൽ ജീവനക്കാരെ നിയോഗിച്ച്, ടിയാളുകളുടെയും സബ്ഗ്രൂപ്പ് ഓഫീസറുടെയും ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, വരവും ചെലവും തമ്മിൽ അന്തരമുണ്ടാകില്ലായെന്ന് കാണുന്നു.

പി.ഡി. അറയ്ക്കൽ ദേവസ്വത്തിൽ ഒരു വാച്ചറുടെ സേവനം കൂടി ആവശ്യമാണെന്നതിനാൽ ഇരുമ്പൂഴിക്കുന്ന് ദേവസ്വത്തിലെ വാച്ചർ തസ്തികകളിൽ ഒരെണ്ണം പി.ഡി. അറയ്ക്കൽ ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.

പി.ഡി.അറയ്ക്കൽ ദേവസ്വത്തിൽ ശീവേലിയില്ലാത്തതാണ്. 25.08.2003-ലെ ആർ.ഓ.സി. 4048/00/മിസ്.1 നമ്പർ ബോർഡ് ഉത്തരവിലൂടെയാണ് പി.ഡി.അറയ്ക്കൽ ദേവസ്വത്തിൽ നാഗസ്വരം, തകിൽ, പഞ്ചവാദ്യം തസ്തികകൾ അനുവദിച്ചത്. ശീവേലിയില്ലാത്തതിനാൽ നാഗസ്വരം, തകിൽ, പഞ്ചവാദ്യം തസ്തികകൾ ആചാരപരമായി അനിവാര്യമല്ലാത്തതാണ്. എങ്കിൽതന്നെയും ഇപ്പോൾ സ്വയംപര്യാപ്തമായ പി.ഡി. ക്ഷേത്രമെന്ന പരിഗണന നൽകി നാഗസ്വരം, തകിൽ തസ്തികകൾ തൽക്കാലം നിലനിർത്താവുന്നതാണെന്ന് വിലയിരുത്തുന്നു.

പഞ്ചവാദ്യജീവനക്കാരന് അഭിഷേകസമയത്തെ തിമില വായന, ദീപാരാധന സമയങ്ങളിലെയും നിവേദ്യസമയങ്ങളിലെയും ശംഖുവിളി എന്നിവ മാത്രമാണ് തസ്തികയിലെ കർത്തവ്യമായി നിർവ്വഹിക്കേണ്ടിവരുന്നത്. സന്ധ്യദീപാരാധന സമയത്തെയും അത്താഴപൂജയ്ക്കുള്ള നിവേദ്യ സമയത്തെയും ശംഖുവിളി മാത്രമാണ് പഞ്ചവാദ്യജീവനക്കാരന് വൈകുന്നേരം നിർവ്വഹിക്കേണ്ടുന്ന, തസ്തികയിലെ പ്രവൃത്തികൾ. ഇതിനായി ഫുൾടൈം തസ്തിക നിലനിർത്തേണ്ടതില്ലായെന്ന് വിലയിരുത്തുന്നു. ഫുൾടൈം പഞ്ചവാദ്യം തസ്തിക ഒഴിവാക്കാവുന്നതും പകരം കൊട്ടാരക്കര സബ്ഗ്രൂപ്പിൽപ്പെട്ട കൊട്ടാരക്കര ദേവസ്വത്തിലെ പാർട്ട്ടൈം പഞ്ചവാദ്യം തസ്തിക പി.ഡി.അറയ്ക്കൽ ദേവസ്വത്തിലേക്ക് മാററാവുന്നതുമാണ്. ഫുൾടൈം ക്ഷേത്രമാകയാൽ പി.ഡി. അറയ്ക്കൽ ദേവസ്വത്തിലെ പാർട്ട്ടൈം പഞ്ചവാദ്യം തസ്തികയിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ രാവിലെയും വൈകുന്നേരവും ക്ഷേത്രത്തിൽ ഹാജരയി കർത്തവ്യനിർവ്വഹണം നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതുമാണ്. രണ്ടുനേരവും ഹാജരായി ജോലി ചെയ്യുന്ന പാർട്ട്ടൈം പഞ്ചവാദ്യത്തിന് അധികഅലവൻസ് നിശ്ചയിക്കേണ്ടതും അനുവദിക്കുന്ന തുക ചെലവെഴുതി കൊടുക്കുന്നതിന് അനുമതി ഉണ്ടാകേണ്ടതുമാണ്.

ജോലിഭാരം പരിഗണിച്ചതിൽ, പാർട്ട്ടൈം തളിയുടെ ജോലിയ്ക്കായി, തസ്തിക നിലനിർത്തേണ്ടതില്ലായെന്ന് കാണുന്നു. പാർട്ട്ടൈം തളി തസ്തിക ഒഴിവാക്കാവുന്നതും, ഒഴിവാക്കുന്ന തസ്തികയിലെ ജീവനക്കാരി നിർവ്വഹിച്ചുവരുന്ന പ്രവൃത്തികൾ ചെയ്യുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ (പാർട്ട്ടൈം) നിയോഗിക്കുന്നതിനും ടിയാൾക്ക് പാർട്ട്ടൈം തളി തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം	റിമാർക്സ്
1.	കലയം (കാരാണ്മ)	1	
2.	ശാന്തി	1	
3.	വാച്ചർ	2	
4.	നാഗസ്വരം	1	
5.	തകിൽ	1	
6.	പഞ്ചവാദ്യം (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും ക്ഷേത്രത്തിൽ ഹാജരയി കർത്തവ്യനിർവ്വഹണം നടത്തേണ്ടതാണ്
7.	കഴകം	1	
8.	തളി	1	
9.	പാർട്ട്ടൈം ഊരാളി (കാരാണ്മ)	1	
	ആകെ	**10**	

ഉമ്മന്നൂർ ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം
1.	ശാന്തി	1		1.	തളി	1
2.	വാച്ചർ	1				
3.	പഞ്ചവാദ്യം	1				
4.	കഴകം	1			**ആകെ**	**1**
5.	തളി	1				
	ആകെ	**5**				

ഉമ്മന്നൂർ ദേവസ്വത്തിലെ വാർഷിക (2019 2020) വരവ് 14,73,815 രൂപ. ചെലവ് 20,31,743 രൂപ. വരവിനെ അധികരിച്ച ചെലവ് 5,57,928 രൂപ.

അധികരിച്ച ചെലവ് കണക്കിലെടുത്ത്, തളി തസ്തിക ഒഴിവാക്കാവുന്നതും ഉമ്മന്നൂർ ദേവസ്വത്തിലെ തളിപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് തളി തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1
2.	പഞ്ചവാദ്യം	1
3.	വാച്ചർ	1
4.	കഴകം	1
	ആകെ	**4**

കുണ്ടയത്തുകാവ് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1		1.	ശാന്തി	1
2.	കഴകം	1		2.	കഴകം	1
	ആകെ	**2**			**ആകെ**	**2**

ക്രമ നമ്പർ	പുതുതായി അനുവദിക്കാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

കുണ്ടയത്തുകാവ് ദേവസ്വത്തിലെ വാർഷിക (2019 2020) വരവ് 1,89,548 രൂപ. ചെലവ് 16,15,309 രൂപ. വരവിനെ അധികരിച്ച ചെലവ് 14,25,761 രൂപ. (ചെലവ് വരവിന്റെ എട്ടരമടങ്ങിലധികം).

പ്രതിമാസം ശരാശരി 15,800 രൂപയിൽ താഴെ വരവും 1,34,000 രൂപയ്ക്ക് മുകളിൽ ചെലവുമുള്ള കുണ്ടയത്തുകാവ് ദേവസ്വത്തിലെ ശാന്തിപ്രവൃത്തിക്കായി ഫുൾടൈം തസ്തിക നിലനിർത്തേണ്ടതില്ലായെന്ന് വിലയിരുത്തുന്നു. ഫുൾടൈം ശാന്തി തസ്തിക ഒഴിവാക്കാവുന്നതും പകരം പാർട്ട്ടൈം ശാന്തി തസ്തിക അനുവദിക്കാവുന്നതുമാണ്. ഫുൾടൈം ക്ഷേത്രമാകയാൽ കുണ്ടയത്തുകാവ് ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തി തസ്തികയിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. രണ്ടുനേരവും ക്ഷേത്രത്തിൽ ഹാജരായി ശാന്തിപ്രവൃത്തി നിർവ്വഹിക്കുന്ന പാർട്ട്ടൈം ശാന്തിക്ക് അനുവാദമുള്ള അധികഅലവൻസ്, കുണ്ടയത്തുകാവ് ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തിക്ക് ചെലവെഴുതി കൊടുക്കുന്നതിന് അനുമതി നൽകാവുന്നതുമാണ്.

കഴകം തസ്തിക ഒഴിവാക്കാവുന്നതും കുണ്ടയത്തുകാവ് ദേവസ്വത്തിലെ കഴകപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ (പാർട്ട്ടൈം) നിയോഗിക്കുന്നതിനും ടിയാൾക്ക് പാർട്ട്ടൈം കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	ശാന്തി (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്
	ആകെ	**1**	

പൊലിക്കോട് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം
1.	ശാന്തി	1		1.	കഴകം	1
2.	കഴകം	1				
	ആകെ	**2**			**ആകെ**	**1**

ക്രമ നമ്പർ	പുനർവിന്യാസത്തിലൂടെ വരുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	കഴകം (പാർട്ട്ടൈം)	1	കുലശേഖരനെല്ലൂർ സബ്ഗ്രൂപ്പിൽപ്പെട്ട തെററിയോട് ദേവസ്വത്തിലെ പാർട്ട്ടൈം കഴകം തസ്തിക പൊലിക്കോട് ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
	ആകെ	1	

പൊലിക്കോട് ദേവസ്വത്തിലെ വാർഷിക (2019 2020) വരവ് 3,63,320 രൂപ. ചെലവ് 11,10,884 രൂപ. വരവിനെ അധികരിച്ച ചെലവ് 7,47,564 രൂപ (ചെലവ്, വരവിന്റെ മൂന്നിരട്ടിയിലധികം).

പൊലിക്കോട് ദേവസ്വത്തിലെ ഫുൾടൈം കഴകജീവനക്കാരൻ രാവിലെ പൊലിക്കോട് ദേവസ്വത്തിലും വൈകുന്നേരം പുതിയിടം ദേവസ്വത്തിലുമായി ജോലിനോക്കിവരുന്നു. പുതിയിടം ദേവസ്വത്തിലെ കഴകപ്രവൃത്തിക്കായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ (പാർട്ട്ടൈം) നിയോഗിക്കുന്നതിനുള്ള ശുപാർശ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, പൊലിക്കോട് ദേവസ്വത്തിലെ കഴകജീവനക്കാരന്റെ ജോലിഭാരം കുറയുന്നതാണ്. എന്നാൽ, പൊലിക്കോട് ദേവസ്വത്തിൽ രാവിലെയും വൈകുന്നേരവും ശാന്തിയെ കൂടാതെ ഒരു ജീവനക്കാരന്റെ സേവനം ആവശ്യമാണെന്ന് കാണുന്നു. ക്ഷേത്രവരവിലെ കുറവും ജോലിഭാരം കുറവാണെന്നതും കണക്കിലെടുത്ത്, ഫുൾടൈം കഴകം തസ്തിക നിലനിർത്തേണ്ടതില്ലായെന്നും വിലയിരുത്തുന്നു. മേൽസാഹചര്യത്തിൽ, പൊലിക്കോട് ദേവസ്വത്തിലെ ഫുൾടൈം കഴകം തസ്തിക ഒഴിവാക്കാവുന്നതും പകരം കുലശേഖരനെല്ലൂർ സബ്ഗ്രൂപ്പിൽപ്പെട്ട തെററിയോട് ദേവസ്വത്തിലെ പാർട്ട്ടൈം കഴകം തസ്തിക പൊലിക്കോട് ദേവസ്വത്തിലേക്ക് മാററാവുന്നതുമാണ്.

പൊലിക്കോട് ദേവസ്വത്തിലെ പാർട്ട്ടൈം കഴകം തസ്തികയിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ, രാവിലെയും വൈകുന്നേരവും ക്ഷേത്രത്തിൽ ഹാജരായി കർത്തവ്യനിർവ്വഹണം നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. രണ്ടുനേരവും ഹാജരായി ജോലിചെയ്യുന്ന പാർട്ട്ടൈം കഴകത്തിന് അധികഅലവൻസ് നിശ്ചയിക്കേണ്ടതും അനുവദിക്കുന്ന തുക ചെലവെഴുതി കൊടുക്കുന്നതിന് അനുമതി ഉണ്ടാകേണ്ടതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	ശാന്തി	1	
2.	കഴകം (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും ക്ഷേത്രത്തിൽ ഹാജരായി കർത്തവ്യനിർവ്വഹണം നടത്തേണ്ടതാണ്
	ആകെ	**2**	

ഇരുമ്പൂഴിക്കുന്ന് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	ശാന്തി	1		1.	വാച്ചർ	2	വാച്ചർ തസ്തികകളിൽ ഒരെണ്ണം പി.ഡി.അറയ്ക്കൽ ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
2.	വാച്ചർ	2		2.	തളി (പാർട്ട്ടൈം)	1	
3.	പഞ്ചവാദ്യം (കാരാണ്മ)	1					
4.	കഴകം (കാരാണ്മ)	1					
5.	തളി (പാർട്ട്ടൈം)	1					
	ആകെ	**6**			**ആകെ**	**3**	

ഇരുമ്പൂഴിക്കുന്ന് ദേവസ്വത്തിലെ വാർഷിക (2019 2020) വരവ് 5,45,360 രൂപ. ചെലവ് 18,14,816 രൂപ. വരവിനെ അധികരിച്ച ചെലവ് 12,69,456 രൂപ. (ചെലവ്, വരവിന്റെ മൂന്നിരട്ടിയിലധികം).

ഇരുമ്പൂഴിക്കുന്ന് ദേവസ്വത്തിലെ വാച്ചർ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത തസ്തികകളിൽ നിയമനം നടത്തി, ടിയാന്മാരുടെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

ഇരുമ്പൂഴിക്കുന്ന് ദേവസ്വത്തിൽ വാച്ചർമാരുടെ സേവനം ആവശ്യമില്ലായെന്ന് കാണുന്നു.. വാച്ചർ തസ്തികകളിൽ ഒരെണ്ണം പി.ഡി.അറയ്ക്കൽ ദേവസ്വത്തിലേക്ക് മാററാവുന്നതും ഒരെണ്ണം ഒഴിവാക്കാവുന്നതുമാണ്.

ചെലവ് വരവിനേക്കാൾ വളരെ കൂടുതലാകയാൽ, പാർട്ട്ടൈം തളി തസ്തിക ഒഴിവാക്കാവുന്നതും ഇരുമ്പൂഴിക്കുന്ന് ദേവസ്വത്തിലെ തളിപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ (പാർട്ട്ടൈം) നിയോഗിക്കുന്നതിനും ടിയാൾക്ക് പാർട്ട്ടൈം തളി തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിന് അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1
2.	പഞ്ചവാദ്യം (കാരാണ്മ)	1
3.	കഴകം (കാരാണ്മ)	1
	ആകെ	**3**

പുതിയിടം ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

പുതിയിടം ദേവസ്വത്തിലെ വാർഷിക (2019 2020) വരവ് 1,26,608 രൂപ. ചെലവ് 1,88,778 രൂപ. വരവിനെ അധികരിച്ച ചെലവ് 62,170 രൂപ.

പുതിയിടം ദേവസ്വത്തിൽ പാർട്ട്ടൈം ശാന്തി തസ്തിക മാത്രമാണ് അനുവദിച്ചിട്ടുള്ളത്. പാർട്ട്ടൈം ക്ഷേത്രമാണെങ്കിലും പാർട്ട്ടൈം ശാന്തിക്ക് അധികഅലവൻസ് നൽകി രാവിലെയും വൈകുന്നേരവും നടതുറന്ന് പൂജ നടത്തിവരുന്നു.

പൊലിക്കോട് ദേവസ്വത്തിലെ കഴകജീവനക്കാരനാണ് പുതിയേടം ദേവസ്വത്തിലെ കഴകപ്രവൃത്തി കൂടി നിർവ്വഹിച്ചുവരുന്നത്. പൊലിക്കോട് ദേവസ്വത്തിലെ ഫുൾടൈം കഴകം തസ്തിക ഒഴിവാക്കുന്നതിനും പകരം പാർട്ട്ടൈം കഴകം തസ്തിക അനുവദിക്കുന്നതിനും പൊലിക്കോട് ദേവസ്വവുമായി ബന്ധപ്പെട്ട റിപ്പോർട്ടിൽ ശുപാർശ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, പുതിയിടം ദേവസ്വത്തിലെ കഴകപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ (പാർട്ട്ടൈം) നിയോഗിക്കുന്നതിനും ടിയാൾക്ക് പാർട്ട്ടൈം കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

അടൂർ സബ്ഗ്രൂപ്പ്

അടൂർ ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	2		1.	വാച്ചർ	1
2.	വാച്ചർ	2		2.	പൂജാപാട്ട്	1
3.	നാഗസ്വരം	1				
4.	തകിൽ	1				
5.	പഞ്ചവാദ്യം	1				
6.	പൂജാപാട്ട്	1			ആകെ	2
7.	തളി	1				
8.	കഴകം	1				
	ആകെ	10				

ക്രമ നമ്പർ	പുതുതായി അനുവദിക്കാവുന്ന തസ്തിക	എണ്ണം
1.	പഞ്ചവാദ്യം	1
	ആകെ	1

അടൂർ ദേവസ്വത്തിലെ വാർഷിക (2019 2020) വരവ് 62,80,232 രൂപ. ചെലവ് 43,52,255 രൂപ.

പൂജാപാട്ട് തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത തസ്തികയിൽ ജീവനക്കാരനെ നിയോഗിച്ച്, ടിയാന്റെയും സബ്ഗ്രൂപ്പ് ഓഫീസറുടെയും ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

വാച്ചർ തസ്തിക രണ്ടെണ്ണം നിലവിലുണ്ടെങ്കിലും ഒരാളെ കൊട്ടാരക്കര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസിൽ ഡ്യൂട്ടിവ്യവസ്ഥയിൽ നിയോഗിച്ചിരിക്കുകയാണ്. ഒരു വാച്ചറുടെ സേവനം മാത്രമെ അടൂർ ദേവസ്വത്തിൽ ഇപ്പോൾ ലഭിച്ചുവരുന്നുള്ളു. ജോലിഭാരം പരിഗണിച്ചതിൽ, ഒരു വാച്ചറുടെ സേവനം മതിയാകുമെന്ന് ബോദ്ധ്യപ്പെടുന്നു. അടൂർ ദേവസ്വത്തിലെ വാച്ചർ തസ്തിക ഒരെണ്ണം ഒഴിവാക്കാവുന്നതാണ്.

പൂജാവേളകളിലെ പൂജാപാട്ടിനായി ഒരു തസ്തിക നിലവിലുണ്ട്. ക്ഷേത്രകലാപീഠത്തിൽ നിന്നും പാസ്സാകുന്ന പഞ്ചവാദ്യ കലാകാരന്മാർ പൂജാപാട്ടിൽ പ്രാവീണ്യമുള്ളവരാണ്. അതിനാൽ, അടൂർ ദേവസ്വത്തിലെ പഞ്ചവാദ്യം തസ്തികകളിൽ ക്ഷേത്രകലാപീഠത്തിൽ നിന്നും പാസ്സായവരെ നിയോഗിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതും പൂജാപാട്ട് തസ്തിക പഞ്ചവാദ്യം തസ്തികയായി ക്രമീകരിക്കാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം	റിമാർക്സ്
1.	ശാന്തി	2	
2.	വാച്ചർ	1	
3.	നാഗസ്വരം	1	
4.	തകിൽ	1	
5.	പഞ്ചവാദ്യം	2	ക്ഷേത്രകലാപീഠത്തിൽ നിന്നും പാസായവരെ നിയോഗിക്കേണ്ടതാണ്. പൂജാപാട്ട് ചൊല്ലേണ്ടതാണ്.
6.	കഴകം	1	
7.	തളി	1	
	ആകെ	**9**	

നിഴലിമംഗലം ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	ശാന്തി (പാർട്ട്ടൈം)	1		1.	കഴകം (പാർട്ട്ടൈം)	1	പുനലൂർ ഗ്രൂപ്പിലെ കമുകുംചേരി സബ്ഗ്രൂപ്പിൽപ്പെട്ട ചേകം ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
2.	കഴകം (പാർട്ട്ടൈം)	1					
	ആകെ	**2**			**ആകെ**	**1**	

നിഴലിമംഗലം ദേവസ്വത്തിലെ വാർഷിക (2019 2020) വരവ് 1,43,878 രൂപ. ചെലവ് 1,90,541 രൂപ. വരവിനെ അധികരിച്ച ചെലവ് 46,663 രൂപ.

നിഴലിമംഗലം ദേവസ്വത്തിലെ പാർട്ട്ടൈം കഴകം തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത തസ്തികയിൽ നിയമനം നടത്തി, ടിയാളുടെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

ക്ഷേത്രവരവിലെ കുറവും കുറഞ്ഞ ജോലിഭാരവും കണക്കിലെടുത്ത്, പാർട്ട്ടൈം കഴകം തസ്തിക പുനലൂർ ഗ്രൂപ്പിലെ കമുകുംചേരി സബ്ഗ്രൂപ്പിൽപ്പെട്ട ചേകം ദേവസ്വത്തിലേക്ക് മാററാവുന്നതും നിഴലിമംഗലം ദേവസ്വത്തിലെ കഴകപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ (പാർട്ട്ടൈം) നിയോഗിക്കുന്നതിനും ടിയാൾക്ക് പാർട്ട്ടൈം കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

മണ്ണടി സബ്ഗ്രൂപ്പ്
മണ്ണടി ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	2		1.	ശാന്തി	1
2.	വാച്ചർ	1		2.	നാഗസ്വരം	1
3.	നാഗസ്വരം	1		3.	തകിൽ	1
4.	തകിൽ	1		4.	പഞ്ചവാദ്യം	1
5.	പഞ്ചവാദ്യം	1				
6.	കഴകം	1				
7.	കലവറ (കാരാണ്മ)	1				
8.	കാവൽ (കാരാണ്മ)	1				
9.	പാർട്ട്ടൈം തളി (കാരാണ്മ)	4			**ആകെ**	**4**
	ആകെ	**13**				

ക്രമ നമ്പർ	പുതുതായി അനുവദിക്കാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
2.	പഞ്ചവാദ്യം (പാർട്ട്ടൈം)	1
	ആകെ	**2**

മണ്ണടി ദേവസ്വത്തിലെ വാർഷിക (2019 2020) വരവ് 25,14,003 രൂപ. ചെലവ് 46,74,819 രൂപ. വരവിനെ അധികരിച്ച ചെലവ് 21,60,816 രൂപ.

മണ്ണടി ദേവസ്വത്തിലെ വാച്ചർ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത തസ്തികയിൽ ജീവനക്കാരനെ നിയോഗിച്ച്, ടിയാന്റെയും സബ്ഗ്രൂപ്പ് ഓഫീസറുടെയും ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, ചെലവ് വരവിന്റെ ഇരട്ടിയിലധികമാകുന്നതാണ്.

മണ്ണടി ദേവസ്വത്തിൽ ശീവേലി ഇല്ലാത്തതാണ്. ആചാരപരമായും പൂജാസംബന്ധമായും അനിവാര്യമല്ലായെന്നതും ചെലവ് വരവിനേക്കാൾ വളരെ കൂടുതലാണെന്നതും കണക്കിലെടുത്ത്, മണ്ണടി ദേവസ്വത്തിലെ തകിൽ, നാഗസ്വരം തസ്തികകൾ ഒഴിവാക്കാവുന്നതാണ്.

മണ്ണടി ദേവസ്വത്തിലെ ശാന്തി തസ്തികകൾ മേൽശാന്തി, കീഴ്ശാന്തി എന്ന രീതിയിൽ ക്രമീകരിച്ചിരിച്ചിട്ടുള്ളതാണ്. രണ്ട് ഫുൾടൈം ശാന്തിക്കാരുടെ സേവനം ആവശ്യമായി വരുന്നില്ലായെന്ന് കാണുന്നതിനാൽ, കീഴ്ശാന്തിയായി ക്രമീകരിച്ചിട്ടുള്ള ഫുൾടൈം ശാന്തി തസ്തിക ഒഴിവാക്കാവുന്നതും പകരം പാർട്ട്ടൈം ശാന്തി തസ്തിക അനുവദിക്കാവുന്നതുമാണ്.

സന്ധ്യദീപാരാധന സമയത്തെയും അത്താഴപൂജയ്ക്കുള്ള നിവേദ്യസമയത്തെയും ശംഖുവിളി മാത്രമാണ് പഞ്ചവാദ്യജീവനക്കാരന്, വൈകുന്നേരം നിർവ്വഹിക്കേണ്ടിവരുന്ന തസ്തികയിലെ കർത്തവ്യം. അതിനാൽ, പഞ്ചവാദ്യപ്രവൃത്തിക്കായി ഫുൾടൈം തസ്തിക നിലനിർത്തേണ്ടതില്ലായെന്ന് വിലയിരുത്തുന്നു. ഫുൾടൈം പഞ്ചവാദ്യം തസ്തിക ഒഴിവാക്കാവുന്നതും പകരം പാർട്ട്ടൈം പഞ്ചവാദ്യം തസ്തിക അനുവദിക്കാവുന്നതുമാണ്.

ഫുൾടൈം ക്ഷേത്രമാകയാൽ, മണ്ണടി ദേവസ്വത്തിലെ പാർട്ട്ടൈം പഞ്ചവാദ്യം തസ്തികയിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ രാവിലെയും വൈകുന്നേരവും ക്ഷേത്രത്തിൽ ഹാജരായി കർത്തവ്യനിർവ്വഹണം നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. രണ്ടുനേരവും ഹാജരാകുന്ന പാർട്ട്ടൈം പഞ്ചവാദ്യത്തിന് അധികഅലവൻസ് നിശ്ചയിക്കേണ്ടതും അനുവദിക്കുന്ന തുക ചെലവെഴുതി കൊടുക്കുന്നതിന് അനുമതി ഉണ്ടാകേണ്ടതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം	റിമാർക്സ്
1.	ശാന്തി	1	
2.	ശാന്തി (പാർട്ട്ടൈം)	1	
3.	വാച്ചർ	1	
4.	പഞ്ചവാദ്യം (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും ക്ഷേത്രത്തിൽ ഹാജരായി കർത്തവ്യനിർവ്വഹണം നടത്തേണ്ടതാണ്
5.	കഴകം	1	
6.	കലവറ (കാരാണ്മ)	1	
7.	കാവൽ (കാരാണ്മ)	1	
8.	പാർട്ട്ടൈം തളി (കാരാണ്മ)	4	
	ആകെ	**11**	

ഏനാദിമംഗലം ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം
1.	ശാന്തി	1		1.	തളി (പാർട്ട്ടൈം)	1
2.	വാച്ചർ	1				
3.	പഞ്ചവാദ്യം (പാർട്ട്ടൈം)	1				
4.	കഴകം (കാരാണ്മ)	1				
5.	അഭിഷേകം കൊട്ട് - ശംഖ്വിളി (കാരാണ്മ)	1				
6.	തളി (പാർട്ട്ടൈം)	1			**ആകെ**	**1**
	ആകെ	**6**				

ക്രമ നമ്പർ	പുതുതായി അനുവദിക്കാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

ഏനാദിമംഗലം ദേവസ്വത്തിലെ വാർഷിക (2019 2020) വരവ് 11,74,595 രൂപ. ചെലവ് 14,95,536 രൂപ. വരവിനെ അധികരിച്ച ചെലവ് 3,20,941രൂപ.

പാർട്ട്ടൈം പഞ്ചവാദ്യം, കാരാണ്മ കഴകം, കാരാണ്മ അഭിഷേകം കൊട്ട് - ശംഖുവിളി എന്നീ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത തസ്തികകളിൽ ജീവനക്കാരെ നിയോഗിച്ച്, ടിയാളുകളുടെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

ഏനാദിമംഗലം ദേവസ്വത്തിൽ പാർവ്വതി, ഗണപതി, ശാസ്താവ്, സുബ്രഹ്മണ്യൻ, നാഗരാജാവ്, രക്ഷസ് എന്നീ ഉപനടകൾ ഉള്ളതാണ്. പരമശിവനാണ് പ്രധാന പ്രതിഷ്ഠ. പ്രധാന നടയിലെ പൂജകൾ, വഴിപാടുകൾ, നിവേദ്യങ്ങൾ തയ്യാർചെയ്യൽ എന്നിവയ്ക്കൊപ്പം ഉപനടകളിലെ പൂജകളും വഴിപാടുകളും

കഴിക്കുന്ന പ്രവൃത്തി ഒരാൾക്ക് നിർവ്വഹിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി ബോദ്ധ്യപ്പെടുന്നു. ആകയാൽ, ഏനാദിമംഗലം ദേവസ്വത്തിൽ ഒരു പാർട്ട്ടൈം ശാന്തി തസ്തിക അനുവദിക്കാവുന്നതാണ്.

ജോലിഭാരം കുറവായതിനാൽ, പാർട്ട്ടൈം തളി തസ്തിക ഒഴിവാക്കാവുന്നതും ഏനാദിമംഗലം ദേവസ്വത്തിലെ തളിപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ (പാർട്ട്ടൈം) നിയോഗിക്കുന്നതിനും ടിയാൾക്ക് പാർട്ട്ടൈം തളി തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1
2.	ശാന്തി (പാർട്ട്ടൈം)	1
3.	വാച്ചർ	1
4.	പഞ്ചവാദ്യം (പാർട്ട്ടൈം)	1
5.	കഴകം (കാരാണ്മ)	1
6.	അഭിഷേകം കൊട്ട് - ശംഖ്വിളി (കാരാണ്മ)	1
	ആകെ	**6**

തളിക്കൽ ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	ശാന്തി (പാർട്ട്ടൈം)	1		1.	കഴകം (പാർട്ട്ടൈം)	1	വെട്ടിക്കവല സബ്ഗ്രൂപ്പിൽപ്പെട്ട കരിമലക്കാട് ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
2.	കഴകം (പാർട്ട്ടൈം)	1					
	ആകെ	**2**			**ആകെ**	**1**	

തളിക്കൽ ദേവസ്വത്തിലെ വാർഷിക (2019 2020) വരവ് 1,25,487 രൂപ. ചെലവ് 2,50,823 രൂപ. വരവിനെ അധികരിച്ച ചെലവ് 1,25,336 രൂപ.

പാർട്ട്ടൈം കഴകം തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. ടി തസ്തികയിൽ ജീവനക്കാരനെ നിയോഗിച്ച്, ടിയാന്റെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

ക്ഷേത്രവരവിലെ കുറവ് കണക്കിലെടുത്ത്, പാർട്ട്ടൈം കഴകം തസ്തിക വെട്ടിക്കവല സബ്ഗ്രൂപ്പിൽപ്പെട്ട കരിമലക്കാട് ദേവസ്വത്തിലേക്ക് മാററാവുന്നതും തളിക്കൽ ദേവസ്വത്തിലെ കഴകപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ (പാർട്ട്ടൈം) നിയോഗിക്കുന്നതിനും ടിയാൾക്ക് പാർട്ട്ടൈം കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

വെട്ടിക്കവല സബ്ഗ്രൂപ്പ്

വെട്ടിക്കവല ദേവസ്വം

മേലേടം ദേവസ്വം (ശിവൻ നട)		
ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം
1.	ശാന്തി	2
2.	വാച്ചർ	1
3.	നാഗസ്വരം	1
4.	തകിൽ	1
5.	പഞ്ചവാദ്യം (കാരാണ്മ)	1
6.	കഴകം	1
7.	കഴകം (കാരാണ്മ)	1
8.	തളി	1
	ആകെ	9

കീഴേടം ദേവസ്വം (വിഷ്ണു നട)		
ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം
1.	ശാന്തി	1
2.	വാച്ചർ	1
3.	കഴകം	1
4.	തളി	1
5.	വെളിച്ചപ്പാട്	1
	ആകെ	5

	മേലേടം ദേവസ്വം (ശിവൻ നട)	
ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം
1.	കഴകം	1
	ആകെ	1

	കീഴേടം ദേവസ്വം (വിഷ്ണു നട)	
ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	വാച്ചർ	1
2.	തളി	1
	ആകെ	2

മേലേടം ദേവസ്വം (ശിവൻ നട)			
ക്രമ നമ്പർ	പുനർവിന്യാസത്തിലൂടെ വരുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	പഞ്ചവാദ്യം	1	തിരുവല്ല ഗ്രൂപ്പിലെ തൃക്കുരട്ടി സബ്ഗ്രൂപ്പിൽപ്പെട്ട തൃക്കുരട്ടി ദേവസ്വത്തിലെ പഞ്ചവാദ്യം തസ്തിക വെട്ടിക്കവല ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
	ആകെ	1	

വെട്ടിക്കവല ദേവസ്വത്തിലെ വാർഷിക (2019 - 2020) വരവ് 47,83,028 രൂപ. ചെലവ് 54,83,475 രൂപ. വരവിനെ അധികരിച്ച ചെലവ് 7,00,447 രൂപ.

വെട്ടിക്കവല ദേവസ്വത്തിലെ വെളിച്ചപ്പാട് തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. ടി തസ്തികയിൽ ജീവനക്കാരനെ നിയോഗിച്ച്, ടിയാന്റെയും സബ്ഗ്രൂപ്പ് ഓഫീസറുടെയും ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

അധികരിച്ച ചെലവ് പരിഗണിച്ച്, നോൺ കാരാണ്മ കഴകം തസ്തിക ഒരെണ്ണം ഒഴിവാക്കാവുന്നതും ഒഴിവാക്കുന്ന തസ്തികയിലെ ജീവനക്കാരൻ നിർവ്വഹിച്ചുവരുന്ന പ്രവൃത്തി ചെയ്യുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ശിവൻനട ദേവസ്വത്തിൽ ശീവേലിയുള്ളതാണ്. പഞ്ചവാദ്യം തസ്തിക ഒരെണ്ണം മാത്രമെ അനുവദിച്ചിട്ടുള്ളു. ശീവേലി എഴുന്നെള്ളിപ്പ് സമയത്തെ പഞ്ചവാദ്യസേവയ്ക്ക് രണ്ടുപേർ വേണ്ടുന്നതാണെന്നത് കണക്കിലെടുത്ത്, തിരുവല്ല ഗ്രൂപ്പിലെ തൃക്കുരട്ടി സബ്ഗ്രൂപ്പിൽപ്പെട്ട തൃക്കുരട്ടി ദേവസ്വത്തിലെ പഞ്ചവാദ്യം തസ്തിക വെട്ടിക്കവല ദേവസ്വത്തിലേക്ക് മാററാവുന്നതാണ്. പ്രസ്തുത തസ്തിക പഞ്ചവാദ്യം കം വാച്ചർ എന്ന രീതിയിൽ ക്രമീകരിക്കാവുന്നതുമാണ്.

മേലേടം ദേവസ്വത്തിലെ ശീവേലിയുമായി ബന്ധപ്പെട്ട വാദ്യപ്രവൃത്തിക്ക് ശേഷമുള്ള സമയം, പഞ്ചവദ്യം കം വാച്ചർ തസ്തികയിലെ ജീവനക്കാരന്റെ സേവനം കീഴേടം ദേവസ്വത്തിൽ ഉണ്ടാകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

പഞ്ചവാദ്യം കം വാച്ചറുടെ സേവനം ലഭിക്കുന്നതിനാൽ, കീഴേടം (വിഷ്ണു നട) ദേവസ്വത്തിൽ വാച്ചറുടെ സേവനം വേണ്ടിവരുന്നില്ലായെന്നത് പരിഗണിച്ച്, വാച്ചർ തസ്തിക ഒഴിവാക്കാവുന്നതാണ്.

ജോലിഭാരം കുറവായതിനാൽ, തളി തസ്തിക ഒഴിവാക്കാവുന്നതും വിഷ്ണു നടയിലെ തളിപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് തളി തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതാണ്.

വാച്ചർ തസ്തിക ഒഴിവാക്കുന്ന സാഹചര്യത്തിൽ കീഴേടം ദേവസ്വത്തിലെ കഴകം തസ്തിക കഴകം കം വാച്ചർ എന്ന രീതിയിൽ ക്രമീകരിക്കാവുന്നതുമാണ്.

	മേലേടം ദേവസ്വം (ശിവൻ നട)		**റിമാർക്സ്**			**കീഴേടം ദേവസ്വം (വിഷ്ണു നട)**	
ക്രമ നമ്പർ	**പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ**	**എണ്ണം**			**ക്രമ നമ്പർ**	**പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ**	**എണ്ണം**
1.	ശാന്തി	2			1.	ശാന്തി	1
2.	വാച്ചർ	1			2.	കഴകം കം വാച്ചർ	1
3.	നാഗസ്വരം	1			3	വെളിച്ചപ്പാട്	1
4.	തകിൽ	1					
5.	പഞ്ചവാദ്യം (കാരാണ്മ)	1					
6.	പഞ്ചവാദ്യം കം വാച്ചർ	1	ശീവേലിയുമായി ബന്ധപ്പെട്ട വാദ്യ പ്രവൃത്തിക്ക് ശേഷമുള്ള സമയം സബ്ഗ്രൂപ്പ് ഓഫീസറുടെ നിർദ്ദേശാനുസരണം കീഴേടം ദേവസ്വത്തിലെ പ്രവൃത്തികൾ നിർവ്വഹിക്കേണ്ടതാണ്				
7.	കഴകം (കാരാണ്മ)	1					
8.	തളി	1					
	ആകെ	**9**				**ആകെ**	**3**

കരിമലക്കാട് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

ക്രമ നമ്പർ	പുനർവിന്യാസത്തിലൂടെ വരുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	കഴകം (പാർട്ട്ടൈം)	1	മണ്ണടി സബ്ഗ്രൂപ്പിൽപ്പെട്ട തളിക്കൽ ദേവസ്വത്തിലെ പാർട്ട്ടൈം കഴകം തസ്തിക കരിമലക്കാട് ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
	ആകെ	**1**	

കരിമലക്കാട് ദേവസ്വത്തിലെ വാർഷിക (2019 2020) വരവ് 2,65,501 രൂപ. ചെലവ് 1,99,783 രൂപ.

അമ്മണംകോട് ദേവസ്വത്തിലെ ഫുൾടൈം കഴകജീവനക്കാരിയാണ് അമ്മണംകോട് ദേവസ്വത്തിലെ ജോലിക്ക് പുറമെ കരിമലക്കാട്, ജമ്മ്യംകോട്, ഗുരുസികാമൻകാവ് എന്നീ ദേവസ്വങ്ങളിലെ കഴകപ്രവൃത്തിയും നിർവ്വഹിച്ചുവരുന്നത്. പ്രസ്തുത നാല് ദേവസ്വങ്ങളും തമ്മിൽ ദൂരക്കൂടുതലുള്ളതുമാണ്. അതിനാൽ ഒരാൾക്ക് നാല് ദേവസ്വങ്ങളിലും ജോലിനോക്കുക എന്നത് പ്രായോഗികമല്ല.

ശാന്തി തസ്തികയ്ക്ക് പുറമെയുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി മണ്ണടി സബ്ഗ്രൂപ്പിൽപ്പെട്ട തളിക്കൽ ദേവസ്വത്തിലെ പാർട്ട്ടൈം കഴകം തസ്തിക കരിമലക്കാട് ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
2.	കഴകം (പാർട്ട്ടൈം	1
	ആകെ	**2**

ജന്മ്യംകോട്, ഗുരുസിമൻകാവ് ദേവസ്വങ്ങൾ

ജന്മ്യംകോട്		
ക്രമ നമ്പർ	**പുതുതായി അനുവദിക്കാവുന്ന തസ്തിക**	**എണ്ണം**
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	1

ഗുരുസിമൻകാവ്		
ക്രമ നമ്പർ	**പുതുതായി അനുവദിക്കാവുന്ന തസ്തിക**	**എണ്ണം**
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	1

ജന്മ്യംകോട്, ഗുരുസിമൻകാവ് ദേവസ്വങ്ങളിൽ തസ്തികകളൊന്നും അനുവദിച്ചിട്ടില്ലാത്തതാണ്. അമ്മണംകോട് ദേവസ്വത്തിലെ ഫുൾടൈം ശാന്തിയാണ് ജന്മ്യംകോട്, ഗുരുസിമൻകാവ് ദേവസ്വങ്ങളും തുറന്ന് പൂജ നടത്തി വരുന്നത്. അമ്മണംകോട് ദേവസ്വത്തിലെ ഫുൾടൈം കഴകജീവനക്കാരി, കരിമലക്കാട്, ജന്മ്യംകോട് ഗുരുസിമൻകാവ് എന്നീ ദേവസ്വങ്ങളിലെ കഴക പ്രവൃത്തിയും നിർവ്വഹിച്ചുവരുന്നു.

ടി ക്ഷേത്രങ്ങൾ തമ്മിൽ ദൂരക്കൂടുതലുള്ളതാണ്. ജന്മ്യംകോട്, ഗുരുസിമൻകാവ് ക്ഷേത്രങ്ങളിലെ 2019-2020 വർഷങ്ങളിലെ വരവ് യഥാക്രമം 29,630 രൂപയും 33,632 രൂപയുമാണ്. രണ്ട് ക്ഷേത്രങ്ങളിലും ഓരോ പാർട്ട്ടൈം ശാന്തിയെ നിയോഗിച്ചാൽ ക്ഷേത്രനടകൾ തുറക്കുന്നതും അടയ്ക്കുന്നതുമായ സമയങ്ങളിൽ കൂടുതൽ കൃത്യതയുണ്ടാകുമെന്നും ഭക്തർക്ക് വഴിപാടുകൾ നടത്തുന്നതിന് സഹായകരമാകുമെന്നും ക്ഷേത്രങ്ങൾ കൂടുതൽ അഭിവൃദ്ധിപ്പെടുമെന്നും പ്രതീക്ഷിക്കുന്നു. ആകയാൽ, ജന്മ്യംകോട്, ഗുരുസിമൻകാവ് ക്ഷേത്രങ്ങളിൽ ഓരോ പാർട്ട്ടൈം ശാന്തി തസ്തിക അനുവദിക്കാവുന്നതാണ്.

ടി ക്ഷേത്രങ്ങളിലെ പൂജാപാത്രങ്ങൾ, നിവേദ്യപാത്രങ്ങൾ, വിളക്കുകൾ തുടങ്ങിയവ ശുചിയാക്കുക, ക്ഷേത്രവും പരിസരവും വൃത്തിയാക്കുക മുതലായ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഓരോ ആൾക്കാരെ (ആകെ രണ്ട്പേർ) നിയോഗിക്കുന്നതിനും ടിയാൾക്ക് പാർട്ട്ടൈം തളി തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ ടി ആളുകൾക്ക് അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതാണ്.

ജന്മ്യംകോട്		
ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം
1	ശാന്തി (പാർട്ട്ടൈം)	1
	ആകെ	1

ഗുരുസിമൻകാവ്		
ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം
1	ശാന്തി (പാർട്ട്ടൈം)	1
	ആകെ	1

മേലില ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1		1.	കഴകം	1
2.	ശാന്തി (കാരാണ്മ)	1		2.	തളി	1
3.	വാച്ചർ	1				
4.	പഞ്ചവാദ്യം	1				
5.	കഴകം	1				
6.	തളി	1				
	ആകെ	**6**			**ആകെ**	**2**

മേലില ദേവസ്വത്തിലെ വാർഷിക (2019 2020) വരവ് 11,81,479 രൂപ. ചെലവ് 27,36,225 രൂപ. വരവിനെ അധികരിച്ച ചെലവ് 15,54,746 രൂപ. (ചെലവ്, വരവിന്റെ ഇരട്ടിയിലധികം).

ചെലവ് വരവിനേക്കാൾ വളരെ കൂടുതലാകയാൽ, കഴകം, തളി തസ്തികകൾ ഒഴിവാക്കാവുന്നതും മേലില ദേവസ്വത്തിലെ കഴകം, തളി പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഓരോ ആൾക്കാരെ (ആകെ രണ്ടുപേർ) നിയോഗിക്കുന്നതിനും ടിയാളുകൾക്ക് യഥാക്രമം കഴക, തളി തസ്തികകളിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1
2.	ശാന്തി (കാരാണ്മ)	1
3.	വാച്ചർ	1
4.	പഞ്ചവാദ്യം	1
	ആകെ	**4**

അമ്മണംകോട് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1		1.	ശാന്തി	1
2.	കഴകം	1		2.	കഴകം	1
	ആകെ	**2**			**ആകെ**	**2**

ക്രമ നമ്പർ	പുതുതായി അനുവദിക്കാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	1

അമ്മണംകോട് ദേവസ്വത്തിലെ വാർഷിക (2019 2020) വരവ് 85,297 രൂപ. ചെലവ് 9,44,473 രൂപ. വരവിനെ അധികരിച്ച ചെലവ് 8,59,176 രൂപ. (ചെലവ്, വരവിന്റെ പതിനൊന്നിരട്ടിയിലധികം)

രാവിലെ മാത്രം നടതുറന്ന് പൂജ നടത്തിവരുന്ന ക്ഷേത്രമാണ് അമ്മണംകോട്. അമ്മണംകോട് ദേവസ്വം ശാന്തിയാണ് ജമ്മ്യംകോട്, ഗുരുസികാമൻകാവ് ക്ഷേത്രങ്ങളിലെയും പൂജ നടത്തി വരുന്നത്. അമ്മണംകോട് ദേവസ്വത്തിലെ ഫുൾടൈം കഴകജീവനക്കാരി അമ്മണംകോട് ക്ഷേത്രത്തിലെ പ്രവൃത്തികൾക്ക് പുറമെ കരിമലക്കാട്, ജമ്മ്യംകോട്, ഗുരുസിമൻകാവ് ദേവസ്വങ്ങളിലെ കഴകപ്രവൃത്തി കൂടി ചെയ്തുവരുന്നു. മേൽ കാരണങ്ങളാലാണ് അമ്മണംകോട് ദേവസ്വത്തിൽ ഫുൾടൈം തസ്തികകൾ അനുവദിച്ചിട്ടുള്ളത്. അമ്മണംകോട് ദേവസ്വത്തിലാണ് രണ്ട് ഫുൾടൈം ജീവനക്കാരുടെയും ശമ്പളം ചെലവെഴുതി വരുന്നത്. ടി ക്ഷേത്രങ്ങളെല്ലാം തമ്മിൽ ദൂരക്കൂടുതൽ ഉള്ളതാണ്. അതിനാൽ, എല്ലാ ക്ഷേത്രങ്ങളിലും ഒന്നുപോലെ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുവെന്ന വസ്തുത കണക്കിലെടുത്ത്, ജമ്മ്യംകോട്, ഗുരുസിമൻകാവ് ക്ഷേത്രങ്ങളിൽ ഓരോ പാർട്ട്ടൈം ശാന്തി തസ്തിക പുതുതായി അനുവദിക്കുന്നതിനുള്ള ശുപാർശ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആകയാൽ, അമ്മണംകോട് ദേവസ്വത്തിലെ ഫുൾടൈം ശാന്തി തസ്തിക ഒഴിവാക്കാവുന്നതും പകരം പാർട്ട്ടൈം ശാന്തി തസ്തിക അനുവദിക്കാവുന്നതുമാണ്.

പഴയപശ്ചിമ ദേവസ്വം													
ശാന്തി	1	വാച്ചർ	1			ശാന്തി	1		6,71,575	5,06,916		വാച്ചർ	
വാച്ചർ	1					കഴകം	1					കഴകം	
കഴകം	1												
കൊടുകപ്പലം ദേവസ്വം													
ശാന്തി	1	കഴകം	1			ശാന്തി	1	കഴകം	2,47,473	8,68,009	6,20,536		
കഴകം	1												

നിലവിലുള്ള തസ്തികകൾ	എണ്ണം	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം	പുതുതായി അനുവദിക്കാവുന്ന തസ്തികകൾ / പുനർവിന്യാസത്തിലൂടെ വരുന്ന തസ്തികകൾ	എണ്ണം	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം	പുറമെ നിന്നും ആളെ നിയോഗിച്ച് ചെയ്യിക്കാവുന്ന പ്രവൃത്തി	വരവ്	ചെലവ്	അധികരിച്ച ചെലവ്	ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ	റിമാർക്സ്
പാലൂർക്കാവ് ദേവസ്വം													
ശാന്തി	1	ശാന്തി	1	ശാന്തി (പാർട്ട്ടൈം)	1	ശാന്തി (പാർട്ട്ടൈം)	1	കഴകം	1,29,296	4,70,074	3,40,778		
കഴകം	1	കഴകം	1										
പെരുവന്താനം ദേവസ്വം													
ശാന്തി	1	കഴകം	1			ശാന്തി	1	കഴകം	2,66,144	5,11,122	2,44,978		
കഴകം	1												
സബ്ഗ്രൂപ്പ് - പീരുമേട്													
പീരുമേട് ദേവസ്വം													
ശാന്തി	2	കഴകം	1			ശാന്തി	2	കഴകം	10,65,392	35,94,491	25,29,099	വാച്ചർ	
വാച്ചർ	1	തളി	1			വാച്ചർ	1	തളി					
നാഗസ്വരം	1					നാഗസ്വരം	1						
തകിൽ	1					തകിൽ	1						
പഞ്ചവാദ്യം	2					പഞ്ചവാദ്യം	2						
കഴകം	1												
തളി	1												
വണ്ടിപ്പെരിയാർ ദേവസ്വം													
ശാന്തി	1					ശാന്തി	1		1,77,185	2,59,636	82,451		
കഴകം	1					കഴകം	1						

സ്റ്റേററ്മെന്റ് – 2

ദേവസ്വത്തിന്റെ പേര്	നിലവിലുള്ള തസ്തികകൾ																				പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ																					
	ശാന്തി	ശാന്തി (കാരാണ്മ)	കൈസ്തിരി (കാരാണ്മ)	വാച്ചർ	തകിൽ	നാഗസ്വരം	പഞ്ചവാദ്യം	പഞ്ചവാദ്യം (കാരാണ്മ)	കഴകം	കഴകം (കാരാണ്മ)	തളി	സാമിറാറി വർക്കർ	തളി (കാരാണ്മ)	പാറ്റുംശേഷി,	ശാന്തി (പാർട്ട്ടൈം)	പഞ്ചവാദ്യം (പാർട്ട്ടൈം)	കഴകം (പാർട്ട്ടൈം)	കാരാണ്മ കഴകം (പാർട്ട്ടൈം)	തളി (പാർട്ട്ടൈം)	പാറ്റുംശേഷി, (പാർട്ട്ടൈം)	ആകെ	ശാന്തി	ശാന്തി (കാരാണ്മ)	കൈസ്തിരി (കാരാണ്മ)	വാച്ചർ	തകിൽ	നാഗസ്വരം	പഞ്ചവാദ്യം	പഞ്ചവാദ്യം (കാരാണ്മ)	കഴകം	കഴകം (കാരാണ്മ)	തളി	സാമിറാറി വർക്കർ	തളി (കാരാണ്മ)	പാറ്റുംശേഷി,	ശാന്തി (പാർട്ട്ടൈം)	പഞ്ചവാദ്യം (പാർട്ട്ടൈം)	കഴകം (പാർട്ട്ടൈം)	കാരാണ്മ കഴകം (പാർട്ട്ടൈം)	തളി (പാർട്ട്ടൈം)	പാറ്റുംശേഷി, (പാർട്ട്ടൈം)	ആകെ
എരുമേലി	2			2	1	1	1		1		1	1									**10**	2			1	1	1	1		1		1	1										**9**
പേട്ട	1			1					1												**3**	1			1																	**2**
വള്ളിയങ്കാവ്	2			2			1		1		1										**7**	2			2			1		1		1								1		**8**
ചിറക്കടവ്	3	1		1	1	1	2		1	1	1		1								**13**	3	1		2	1	1	2		1	1			1								**13**
ഗണപതിയാർ	1								1										1		**3**	1								1												**2**
ശിവൻകോവിൽ	1																				**1**	1																				**1**
മധുരമീനാക്ഷി	1								1												**2**	1																1				**2**
ചെറുവള്ളി	3			1	1	1	2		2		1										**11**	3			2	1	1	2				1										**10**
മുഖ്യപുറത്തുകാവ്	1								1												**2**															1						**1**
കരിക്കാട്ടൂർ	1								1												**2**															1						**1**
ചേനപ്പാടി	1								1												**2**	1								1												**2**
കൊടുങ്ങൂർ	2			1	1	1	2		1		1										**9**	2			1	1	1	2		1		1				1						**10**
വെട്ടിക്കാട്	1			1					1		1										**4**	1			1					1												**3**
പുലിയന്നൂർക്കാവ്				1											1						**2**															1						**1**
ഇളമ്പള്ളി	1								1		1										**3**	1								1		1										**3**
കീഴ്ക്കടമ്പ്	1								1												**2**	1																1				**2**

ദേവസ്വത്തിന്റെ പേര്	നിലവിലുള്ള തസ്തികകൾ																					പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ																						
	ശാന്തി	ശാന്തി (കാരാണ്മ)	കൈസ്തിരി (കാരാണ്മ)	വാച്ചർ	തകിൽ	നാഗസ്വരം	പഞ്ചവാദ്യം	പഞ്ചവാദ്യം (കാരാണ്മ)	കഴകം	കഴകം (കാരാണ്മ)	തളി	സാധിററി വർക്കർ	തളി (കാരാണ്മ)	പാഗ്രസ്തൈക്;	ശാന്തി (പാർട്ടുകൊം)	പഞ്ചവാദ്യം (പാർട്ടുകൊം)	കഴകം (പാർട്ടുകൊം)	കാരാണ്മ കഴകം (പാർട്ടുകൊം)	തളി (പാർട്ടുകൊം)	പാഗ്രസ്തൈക്; (പാർട്ടുകൊം)	ആകെ	ശാന്തി	ശാന്തി (കാരാണ്മ)	കൈസ്തിരി (കാരാണ്മ)	വാച്ചർ	തകിൽ	നാഗസ്വരം	പഞ്ചവാദ്യം	പഞ്ചവാദ്യം (കാരാണ്മ)	കഴകം	കഴകം (കാരാണ്മ)	തളി	സാധിററി വർക്കർ	തളി (കാരാണ്മ)	പാഗ്രസ്തൈക്;	ശാന്തി (പാർട്ടുകൊം)	പഞ്ചവാദ്യം (പാർട്ടുകൊം)	കഴകം (പാർട്ടുകൊം)	കാരാണ്മ കഴകം (പാർട്ടുകൊം)	തളി (പാർട്ടുകൊം)	പാഗ്രസ്തൈക്; (പാർട്ടുകൊം)	ആകെ
തിടനാട്	2		2	1	1	1	1	1	1		2										**12**	2		2	1	1	1	1	1														**9**
വട്ടക്കാവ്	1								1												**2**	1								1													**2**
മുണ്ടക്കയം	1			1			1		1		1										**5**	1			1			1		1													**4**
ചെറുമലപശ്ചിമ	1						1		1										1		**4**	1						1		1													**3**
പഴയപശ്ചിമ	1			1					1												**3**	1								1													**2**
കൊടുകപ്പലം	1								1												**2**	1																					**1**
പാലൂർക്കാവ്	1								1												**2**																1						**1**
പെരുവന്താനം	1								1												**2**	1																					**1**
പീരുമേട്	2			1	1	1	2		1		1										**9**	2			1	1	1	2															**7**
വണ്ടിപ്പെരിയാർ	1								1												**2**	1								1													**2**

സ്റ്റേറ്റ്മെന്റ് -3

നിലവിലുള്ള തസ്തികകൾ	എണ്ണം	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
ശാന്തി	34	ശാന്തി	31
ശാന്തി (കാരാണ്മ)	1	ശാന്തി (കാരാണ്മ)	1
കൈസ്ഥാനി (കാരാണ്മ)	2	കൈസ്ഥാനി (കാരാണ്മ)	2
വാച്ചർ	14	വാച്ചർ	13
തകിൽ	6	തകിൽ	6
നാഗസ്വരം	6	നാഗസ്വരം	6
പഞ്ചവാദ്യം	13	പഞ്ചവാദ്യം	13
പഞ്ചവാദ്യം (കാരാണ്മ)	1	പഞ്ചവാദ്യം (കാരാണ്മ)	1
കഴകം	25	കഴകം	13
കഴകം (കാരാണ്മ)	1	കഴകം (കാരാണ്മ)	1
തളി	11	തളി	5
സാനിററി വർക്കർ	1	സാനിററി വർക്കർ	1
തളി (കാരാണ്മ)	1	തളി (കാരാണ്മ)	1
ശാന്തി (പാർട്ട്ടൈം)	1	ശാന്തി (പാർട്ട്ടൈം)	5
കഴകം (പാർട്ട്ടൈം)	--	കഴകം (പാർട്ട്ടൈം)	2
തളി (പാർട്ട്ടൈം)	2	തളി (പാർട്ട്ടൈം)	1
	119		**102**

നിയമനം നടക്കാതെ ഒഴിഞ്ഞുകിടന്നാൽ ഫുൾടൈം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതാവുന്ന പാർട്ട്ടൈം തസ്തികകൾ

സബ്ഗ്രൂപ്പ്	ദേവസ്വം	തസ്തിക	എണ്ണം
ചിറക്കടവ്	മധുരമീനാക്ഷി	കഴകം (പാർട്ട്ടൈം)	1
ചെറുവള്ളി	മുഖ്യപുറത്തുകാവ്	ശാന്തി (പാർട്ട്ടൈം)	1
ചെറുവള്ളി	കരിക്കാട്ടൂർ	ശാന്തി (പാർട്ട്ടൈം)	1
കൊടുങ്ങൂർ	കീഴ്ക്കടമ്പ്	കഴകം (പാർട്ട്ടൈം)	1
മുണ്ടക്കയം	പാലൂർക്കാവ്	ശാന്തി (പാർട്ട്ടൈം)	1

തിരുവല്ല ഗ്രൂപ്പ്

തിരുവല്ല സബ്ഗ്രൂപ്പ്

തിരുവല്ല ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	മേൽശാന്തി	1		1.	വാച്ചർ	1
2.	മേൽശാന്തി (കാരാണ്മ)	1		2.	പൂജാപാട്ട്	1
3.	കീഴ്ശാന്തി	3		3.	കഴകം	1
4.	കൈസ്ഥാനി (കാരാണ്മ)	2		4.	തളി (പുറംതൂപ്പ്)	1
5.	വാച്ചർ	4				
6.	നാഗസ്വരം	1				
7.	തകിൽ	1				
8.	പഞ്ചവാദ്യം	3				
9.	പൂജാപാട്ട്	1				
10.	പുഷ്പക (കാരാണ്മ)	1				
11.	കഴകം	1				
12.	വിളക്കെടുപ്പ് (കാരാണ്മ)	2				
13.	തളി	2				
14.	തളി (പാർട്ട്ടൈം)	2				
15.	പാത്രംതേപ്പ്	1				
	ആകെ	**26**			**ആകെ**	**4**

തിരുവല്ല ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 1,03,21,227 രൂപ. ചെലവ് 1,06,14,963 രൂപ. വരവിനെ അധികരിച്ച ചെലവ് 2,93,736 രൂപ.

തിരുവല്ല ദേവസ്വത്തിലെ വാച്ചർ, വിളക്കെടുപ്പ് (കാരാണ്മ) തസ്തികകൾ ഒരെണ്ണം വീതവും കഴകം തസ്തികയും പാർട്ട്ടൈം തളി തസ്തികകൾ രണ്ടെണ്ണവും ഒഴിഞ്ഞുകിടക്കുകയാണ്. ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ ജീവനക്കാരെ നിയോഗിച്ച്, ടിയാളുകളുടെയും സബ്ഗ്രൂപ്പ് ഓഫീസറുടെയും ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

തിരുവല്ല ദേവസ്വത്തിൽ മൂന്ന് വാച്ചർമാരുടെ സേവനം മതിയാകുമെന്ന് ബോദ്ധ്യപ്പെടുന്നു. വാച്ചർ തസ്തിക ഒരെണ്ണം ഒഴിവാക്കാവുന്നതാണ്.

പൂജാപാട്ടിനായി ഒരു തസ്തിക നിലവിലുണ്ട്. ക്ഷേത്രകലാപീഠത്തിൽ നിന്നും പാസ്സാകുന്ന പഞ്ചവാദ്യ കലാകാരന്മാർ പൂജാപാട്ടിൽ പ്രാവീണ്യമുള്ളവരാണ്. അതിനാൽ, തിരുവല്ല ദേവസ്വത്തിലെ പഞ്ചവാദ്യം (സംബന്ധി) തസ്തികകളിൽ ക്ഷേത്രകലാപീഠത്തിൽ നിന്നും പാസ്സായവരെ നിയോഗിക്കേണ്ടതാണെന്നും ടി പഞ്ചവാദ്യ ജീവനക്കാർ പൂജാപാട്ട് തസ്തികയിലെ ജീവനക്കാരൻ നിർവ്വഹിച്ചുവരുന്ന പ്രവൃത്തികൾ കൂടി നിർവ്വഹിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യാവുന്നതും പൂജാപാട്ട് തസ്തിക ഒഴിവാക്കാവുന്നതുമാണ്.

തിരുവല്ല ദേവസ്വത്തിലെ പൂജയ്ക്കാവശ്യമായ പൂവ് ശേഖരിക്കുന്നതിനും മാലകെട്ടുന്നതിനുമായി പുഷ്പക (കാരാണ്മ) തസ്തികയും വിളക്കെടുപ്പിനായി തസ്തികകൾ (കാരാണ്മ) രണ്ടെണ്ണവും നിലവിലുണ്ട്. ഇവ കൂടാതെ, നോൺ കാരാണ്മ കഴകം തസ്തികയും അനുവദിച്ചിട്ടുണ്ട്. തിരുവല്ല ദേവസ്വത്തിൽ ശീവേലി സമയം വിളക്കെടുപ്പിനായി മൂന്ന് ജീവനക്കാരുടെ ആവശ്യകതയുള്ളതിനാലും പൂജാപാത്രങ്ങൾ ശുചിയാക്കുന്നതിനുമായാണ് നോൺ കാരാണ്മ കഴകം തസ്തിക അനുവദിച്ചിട്ടുള്ളത്. കഴകം തസ്തികയിലെ പ്രവൃത്തികൾക്കായി മൂന്ന് കാരാണ്മ ജീവനക്കാരുള്ള സാഹചര്യത്തിൽ വിളക്കെടുപ്പിനും പൂജാപാത്രങ്ങൾ ശുചിയാക്കുന്നതിനും മാത്രമായി തസ്തിക നിലനിർത്തേണ്ടതില്ലായെന്ന് വിലയിരുത്തുന്നു. നിലവിൽ ഒഴിഞ്ഞുകിടക്കുന്ന കഴകം (നോൺ കാരാണ്മ) തസ്തികയിലെ പ്രവൃത്തികൾ കോൺട്രാക്ട് വ്യവസ്ഥയിൽ ആളെ നിയോഗിച്ച് ചെയ്യിച്ചുവരികയാണ്. മേൽസാഹചര്യങ്ങൾ കണക്കിലെടുത്ത്, കഴകം (നോൺ കാരാണ്മ) തസ്തിക ഒഴിവാക്കാവുന്നതും പ്രസ്തുത തസ്തികയിലെ ജീവനക്കാരൻ നിർവ്വഹിച്ചുവരുന്ന പ്രവൃത്തി ചെയ്യുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ഫുൾടൈം തളി തസ്തികയിലെ രണ്ട് ജീവനക്കാരിൽ ഒരാളെ അകംതളിയായും മറ്റൊരാളെ പുറംതൂപ്പായും ക്രമീകരിച്ചിട്ടുള്ളതാണ്. പുറംതൂപ്പ് ജോലികൾക്കായി തസ്തിക നിലനിർത്തേണ്ടതില്ലായെന്ന് വിലയിരുത്തുന്നു. തളി തസ്തിക ഒരെണ്ണം ഒഴിവാക്കാവുന്നതും പുറംതൂപ്പ് ജോലികൾ നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് തളി തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

തിരുവല്ല ദേവസ്വത്തിലെ തളിപ്രവൃത്തി നിർവ്വഹിക്കുന്നവർ തിരുവല്ലയിൽ പ്രവർത്തിക്കുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ഓഫീസുകളിലെ തൂപ്പ് ജോലികൾ കൂടി നിർവ്വഹിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	മേൽശാന്തി	1
2.	മേൽശാന്തി (കാരാണ്മ)	1
3.	കീഴ്ശാന്തി	3
4.	കൈസ്ഥാനി (കാരാണ്മ)	2
5.	വാച്ചർ	3
6.	നാഗസ്വരം	1
7.	തകിൽ	1
8.	പഞ്ചവാദ്യം	3
9.	പുഷ്പക (കാരാണ്മ)	1
10.	വിളക്കെടുപ്പ് (കാരാണ്മ)	2
11.	തളി	1
12.	തളി (പാർട്ട്ടൈം)	2
13.	പാത്രംതേപ്പ്	1
	ആകെ	**22**

കവിയൂർ സബ്ഗ്രൂപ്പ്

കവിയൂർ ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം
1.	ശാന്തി	4		1.	തളി (പാർട്ട്ടൈം)	2
2.	കാരാണ്മ ശാന്തി (പാർട്ട്ടൈം)	1				
3.	കൈസ്ഥാനി (കാരാണ്മ)	3				
4.	മണ്ഡപജപം (കാരാണ്മ)	1				
5.	വാച്ചർ	2				
6.	നാഗസ്വരം	1				
7.	തകിൽ	1				
8.	പഞ്ചവാദ്യം	3				
9.	കഴകം (കാരാണ്മ)	2				
10.	തളി	1				
11.	തളി (പാർട്ട്ടൈം)	2				
	ആകെ	**21**			**ആകെ**	**2**

കവിയൂർ ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 1,14,89,551 രൂപ. ചെലവ് 1,10,75,437 രൂപ.

കവിയൂർ ദേവസ്വത്തിലെ വാച്ചർ തസ്തിക ഒരെണ്ണവും, കാരാണ്മ പാർട്ട്ടൈം ശാന്തി തസ്തികയും പാർട്ട്ടൈം തളി, കാരാണ്മ കഴകം തസ്തികകൾ രണ്ടെണ്ണം വീതവും ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത തസ്തികകളിൽ ജീവനക്കാരെ നിയമിച്ച്, ടിയാളുകളുടെയും സബ്ഗ്രൂപ്പ് ഓഫീസറുടെയും ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, ചെലവ് വരവിനെ അധികരിക്കുന്നതാണ്.

കവിയൂർ ദേവസ്വത്തിലെ പാർട്ട്ടൈം തളി തസ്തികകളിൽ ഒരെണ്ണം അകംതളിയായും ഒരെണ്ണം പുറംതൂപ്പായും ക്രമീകരിച്ചിരിക്കുകയാണ്. കവിയൂർ ദേവസ്വത്തിലെ പാർട്ട്ടൈം തളിക്കാരുടെ കുറഞ്ഞ ജോലിഭാരം പരിഗണിച്ച്, പാർട്ട്ടൈം തളി തസ്തികകൾ രണ്ടെണ്ണവും

ഒഴിവാക്കാവുന്നതും, ഒഴിവാക്കുന്ന ടി തസ്തികകളിലെ ജീവനക്കാർ നിർവ്വഹിച്ചുവരുന്ന പ്രവൃത്തി ചെയ്യുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ രണ്ടുപേരെ (പാർട്ട്ടൈം) നിയോഗിക്കുന്നതിനും ടി ആളുകൾക്ക് പാർട്ട്ടൈം തളി തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	4
2.	കാരാണ്മ ശാന്തി (പാർട്ട്ടൈം)	1
3.	കൈസ്ഥാനി (കാരാണ്മ)	3
4.	മണ്ഡപജപം (കാരാണ്മ)	1
5.	വാച്ചർ	2
6.	നാഗസ്വരം	1
7.	തകിൽ	1
8.	പഞ്ചവാദ്യം	3
9.	കഴകം (കാരാണ്മ)	2
10.	തളി	1
	ആകെ	**19**

കുന്നന്താനം സബ്ഗ്രൂപ്പ്

കുന്നന്താനം ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1		1.	വാച്ചർ	1
2.	വാച്ചർ	2		2.	നാഗസ്വരം	1
3.	നാഗസ്വരം	1		3.	തകിൽ	1
4.	തകിൽ	1				
5.	കഴകം	1				
6.	തളി	1				
	ആകെ	**7**			**ആകെ**	**3**

കുന്നന്താനം ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 16,98,275 രൂപ. ചെലവ് 22,84,001രൂപ. വരവിനെ അധികരിച്ച ചെലവ് 5,85,726 രൂപ.

കുന്നന്താനം ദേവസ്വത്തിലെ വാച്ചർ തസ്തിക ഒരെണ്ണം ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത തസ്തികയിൽ ജീവനക്കാരനെ നിയമിച്ച്, ടിയാന്റെയും സബ്ഗ്രൂപ്പ് ഓഫീസറുടെയും ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

കുന്നന്താനം ദേവസ്വത്തിൽ ഒരു വാച്ചറുടെ സേവനം മതിയാകുമെന്ന് ബോദ്ധ്യപ്പെടുന്നു. വാച്ചർ തസ്തിക ഒരെണ്ണം കുറവ് ചെയ്യാവുന്നതാണ്.

കുന്നന്താനം ദേവസ്വത്തിൽ ശീവേലിയില്ലാത്തതാണ്. തകിൽ, നാഗസ്വരം തസ്തികകളിലെ ജീവനക്കാർക്ക് ദീപാരാധന സമയങ്ങളിലെ വാദ്യവായന മാത്രമാണ് തസ്തികകളിലെ കർത്തവ്യമായി നിർവ്വഹിക്കേണ്ടുന്നത്. ആചാരപരമായും പൂജാസംബന്ധമായും അനിവാര്യമല്ലായെന്നതും ചെലവ് വരവിനേക്കാൾ കൂടുതലാണെന്നതും കണക്കിലെടുത്ത്, തകിൽ, നാഗസ്വരം തസ്തികകൾ ഒഴിവാക്കാവുന്നതാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1
2.	വാച്ചർ	1
3.	കഴകം	1
4.	തളി	1
	ആകെ	**4**

പടപ്പാട് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം
1.	ശാന്തി	1		1.	കഴകം	1
2.	വാച്ചർ	1				
3.	കഴകം	1				
	ആകെ	**3**			**ആകെ**	**1**

പടപ്പാട് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 1,85,400 രൂപ. ചെലവ് 13,04,487 രൂപ. വരവിനെ അധികരിച്ച ചെലവ് 11,19,087 രൂപ (ചെലവ്, വരവിന്റെ ഏഴിരട്ടി).

കഴകം തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. ഒഴിഞ്ഞുകിടക്കുന്ന ടി തസ്തികയിൽ ജീവനക്കാരനെ നിയോഗിച്ച്, ടിയാന്റെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

ഉദ്ദേശം അഞ്ച് ഏക്കർ ഭൂമി പടപ്പാട് ദേവസ്വം വകയായിയുണ്ട്. റബ്ബർ പ്ലാന്റേഷൻ നടത്തിയിട്ടുള്ള പ്രസ്തുത ഭൂമിയിൽ 460 മൂട് റബ്ബർ മരങ്ങളുണ്ട്. ക്ഷേത്രജോലികൾക്കൊപ്പം റബ്ബർ മരങ്ങളിൽ നിന്നുള്ള കറയെടുപ്പിന്റെ മേൽനോട്ടത്തിനായും വസ്തുവിന്റെയും ക്ഷേത്രത്തിന്റെയും സംരക്ഷണത്തിനുമായാണ് വാച്ചർ തസ്തിക നിലനിർത്തിയിരിക്കുന്നത്.

കുറഞ്ഞജോലിഭാരവും ക്ഷേത്രവരവിലെ കുറവും പരിഗണിച്ച്, കഴകം തസ്തിക ഒഴിവാക്കാവുന്നതും പടപ്പാട് ദേവസ്വത്തിലെ കഴകപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1
2.	വാച്ചർ	1
	ആകെ	**2**

തൃക്കുരട്ടി സബ്ഗ്രൂപ്പ്

തൃക്കുരട്ടി ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം	റിമാർക്സ്
1.	ശാന്തി	3		1.	വാച്ചർ	2	
2.	വാച്ചർ	3		2.	പഞ്ചവാദ്യം	1	കൊട്ടാരക്കര ഗ്രൂപ്പിലെ വെട്ടിക്കല സബ്ഗ്രൂപ്പിൽപ്പെട്ട വെട്ടിക്കവല ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
3.	നാഗസ്വരം	1		3.	തളി (പാർട്ട്ടൈം)	3	
4.	തകിൽ	1		4.	പാത്രംതേപ്പ് (പാർട്ട്ടൈം)	1	
5.	പഞ്ചവാദ്യം	4					
6.	കഴകം	1					
7.	തളി	1					
8.	തളി (പാർട്ട്ടൈം)	3					
9.	പാത്രംതേപ്പ് (പാർട്ട്ടൈം)	1					
	ആകെ	**18**			**ആകെ**	**7**	

തൃക്കുരട്ടി ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 27,71,120 രൂപ. ചെലവ് 49,66,680 രൂപ. വരവിനെ അധികരിച്ച ചെലവ് 21,95,560 രൂപ.

തൃക്കുരട്ടി ദേവസ്വത്തിലെ വാച്ചർ തസ്തിക രണ്ടെണ്ണവും പാർട്ട്ടൈം തളി തസ്തിക മൂന്നെണ്ണവും കഴകം, പാർട്ട്ടൈം പാത്രംതേപ്പ് തസ്തികകളും ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത തസ്തികകളിൽ നിയമനം നടത്തി, ടിയാളുകളുടെയും സബ്ഗ്രൂപ്പ് ഓഫീസറുടെയും ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, ചെലവ് വരവിന്റെ ഇരട്ടിയിലധികമാകുന്നതാണ്.

തൃക്കുരട്ടി ദേവസ്വത്തിൽ ഒരു വാച്ചറുടെ സേവനം മതിയാകുമെന്ന് കാണുന്നു. വാച്ചർ തസ്തിക രണ്ടെണ്ണം ഒഴിവാക്കാവുന്നതാണ്.

പഞ്ചവാദ്യ തസ്തികകൾ നാലെണ്ണം നിലവിലുണ്ട്. തിമില, വിക്കൻചെണ്ട, ചെണ്ട എന്നീ വാദ്യങ്ങൾ വായിക്കുന്നതിനും പൂജാപാട്ടിനുമായാണ് നാല് തസ്തികകൾ നിലനിർത്തിയിരിക്കുന്നത്. പൂജാ സമയങ്ങളിലാണ് പൂജാപാട്ട് ചൊല്ലുന്നത്. ക്ഷേത്രകലാപീഠത്തിൽ നിന്നും പാസ്സാകുന്ന പഞ്ചവാദ്യ കലാകാരന്മാർ പൂജാപാട്ടിൽ പരിജ്ഞാനമുള്ളവരാണ്. അതിനാൽ, തൃക്കുരട്ടി ദേവസ്വത്തിൽ പൂജാപാട്ടിനായി അനുവദിച്ചിട്ടുള്ള പഞ്ചവാദ്യം

തസ്തിക കൊട്ടാരക്കര ഗ്രൂപ്പിലെ വെട്ടിക്കല സബ്ഗ്രൂപ്പിൽപ്പെട്ട വെട്ടിക്കവല ദേവസ്വത്തിലേക്ക് മാററാവുന്നതാണ്. പഞ്ചവാദ്യം (സംബന്ധി) തസ്തികകളിൽ ക്ഷേത്രകലാപീഠത്തിൽ നിന്നും പാസ്സായവരെ നിയോഗിക്കേണ്ടതാണെന്നും പ്രസ്തുത ജീവനക്കാർ പൂജാപാട്ട് തസ്തികയിലെ ജീവനക്കാരൻ നിർവ്വഹിച്ചുവരുന്ന പ്രവൃത്തി കൂടി ചെയ്യേണ്ടതാണെന്നും വ്യവസ്ഥ ചെയ്യാവുന്നതാണ്.

ചെലവ് വരവിനേക്കാൾ വളരെ കൂടുതലാകയാൽ, പാർട്ട്ടൈം തളി തസ്തികകൾ മൂന്നെണ്ണവും പാർട്ട്ടൈം പാത്രംതേപ്പ് തസ്തികയും ഒഴിവാക്കാവുന്നതും പ്രസ്തുത പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ നാല് ആൾക്കാരെ (പാർട്ട്ടൈം) നിയോഗിക്കുന്നതിനും ടി ആളുകൾക്ക് പാർട്ട്ടൈം തളി തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	3
2.	വാച്ചർ	1
3.	നാഗസ്വരം	1
4.	തകിൽ	1
5.	പഞ്ചവാദ്യം	3
6.	കഴകം	1
7.	തളി	1
	ആകെ	11

മേമഠം ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം
1.	ശാന്തി	1		1.	ശാന്തി	1
	ആകെ	**1**			**ആകെ**	**1**

ക്രമ നമ്പർ	പുതുതായി അനുവദിക്കാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

മേമഠം ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 75,087 രൂപ. ചെലവ് 3,82,526 രൂപ. വരവിനെ അധികരിച്ച ചെലവ് 3,07,439 രൂപ (ചെലവ്, വരവിന്റെ അഞ്ചിരട്ടിയിലധികം).

പ്രതിമാസം ശരാശരി 6,300 രൂപയിൽ താഴെ വരവും 31,000 രൂപയ്ക്ക് മുകളിൽ ചെലവുമുള്ള മേമഠം ദേവസ്വത്തിലെ ശാന്തിപ്രവൃത്തിക്കായി ഫുൾടൈം തസ്തിക നിലനിർത്തേണ്ടതില്ലായെന്ന് വിലയിരുത്തുന്നു. മേമഠം ദേവസ്വത്തിലെ ഫുൾടൈം ശാന്തി തസ്തിക ഒഴിവാക്കാവുന്നതും പകരം പാർട്ട്ടൈം ശാന്തി തസ്തിക അനുവദിക്കാവുന്നതുമാണ്.

മേമഠം ഫുൾടൈം ക്ഷേത്രമാകയാൽ, പാർട്ട്ടൈം ശാന്തി തസ്തികയിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. രണ്ടുനേരവും ഹാജരായി ശാന്തിപ്രവൃത്തി നിർവ്വഹിക്കുന്ന പാർട്ട്ടൈം ശാന്തിക്ക് അനുവാദമുള്ള അധികഅലവൻസ്, മേമഠം ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തിക്ക് ചെലവെഴുതി കൊടുക്കുന്നതിന് അനുമതി നൽകാവുന്നതുമാണ്.

ക്ഷേത്രവും പരിസരവും വൃത്തിയാക്കുക, പൂജാപാത്രങ്ങൾ, നിവേദ്യ പാത്രങ്ങൾ വിളക്കുകൾ തുടങ്ങിയവ ശുചിയാക്കുക മുതലായ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ (പാർട്ട്ടൈം) നിയോഗിക്കുന്നതിനും ടിയാൾക്ക് പാർട്ട്ടൈം തളി തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	ശാന്തി (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്
	ആകെ	**1**	

തേവേരിക്കൽ ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം
1.	ശാന്തി	1		1.	കഴകം	1
2.	കഴകം	1				
	ആകെ	**2**			**ആകെ**	**1**

തേവേരിക്കൽ ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 1,89,483 രൂപ. ചെലവ് 5,91,836 രൂപ. വരവിനെ അധികരിച്ച ചെലവ് 4,02,353 രൂപ.

തേവേരിക്കൽ ദേവസ്വത്തിലെ കഴകം തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. ടി തസ്തികയിൽ ജീവനക്കാരനെ നിയമിച്ച്, ടിയാന്റെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, ചെലവ് വരവിന്റെ അഞ്ചിരട്ടിയോളമാകുന്നതാണ്.

ജോലിഭാരം കുറവായതിനാലും ചെലവ് വരവിനെ അധികരിച്ച് നിൽക്കുന്നതിനാലും, കഴകം തസ്തിക ഒഴിവാക്കാവുന്നതും തേവരിക്കൽ ദേവസ്വത്തിലെ കഴകപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1
	ആകെ	**1**

വിഷവർശേരിക്കര ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1		1.	ശാന്തി	1
2.	കഴകം	1		2.	കഴകം	1
	ആകെ	**2**			**ആകെ**	**2**

ക്രമ നമ്പർ	പുതുതായി അനുവദിക്കാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

വിഷവർശേരിക്കര ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 84,510 രൂപ. ചെലവ് 6,51,107 രൂപ. വരവിനെ അധികരിച്ച ചെലവ് 5,66,597 രൂപ (ചെലവ്, വരവിന്റെ ഏഴരമടങ്ങിലധികം).

കഴകം തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. ടി തസ്തികയിൽ ജീവനക്കാരനെ നിയോഗിച്ച്, ടിയാളുടെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

7,100 രൂപയിൽ താഴെയാണ് വിഷവർശേരിക്കര ദേവസ്വത്തിലെ പ്രതിമാസ ശരാശരി വരവ്. പ്രതിമാസ ശരാശരിചെലവ് 54,000 രൂപയ്ക്ക് മുകളിലുമാണ്. വളരെ കുറഞ്ഞ വരവുള്ള വിഷവർശേരിക്കര ദേവസ്വത്തിലെ ശാന്തിപ്രവൃത്തിക്കായി ഫുൾടൈം തസ്തിക നിലനിർത്തേണ്ടതില്ലായെന്ന് വിലയിരുത്തുന്നു. ഫുൾടൈം ശാന്തി തസ്തിക ഒഴിവാക്കാവുന്നതും പകരം പാർട്ട്ടൈം ശാന്തി തസ്തിക അനുവദിക്കാവുന്നതുമാണ്.

വിഷവർശേരിക്കര ക്ഷേത്രം ഫുൾടൈമായതിനാൽ, പാർട്ട്ടൈം ശാന്തി തസ്തികയിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന്പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. രണ്ടുനേരവും ഹാജരായി ശാന്തിപ്രവൃത്തി നിർവ്വഹിക്കുന്ന പാർട്ട്ടൈം ശാന്തിക്ക് അനുവാദമുള്ള അധികഅലവൻസ്, വിഷവർശേരിക്കര ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തിക്ക് ചെലവെഴുതി കൊടുക്കുന്നതിന് അനുമതി നൽകാവുന്നതുമാണ്.

കഴകം തസ്തിക ഒഴിവാക്കാവുന്നതും വിഷവർശേരിക്കര ദേവസ്വത്തിലെ കഴകപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	ശാന്തി (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന്പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്
	ആകെ	**1**	

പള്ളിയറക്കാവ് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

പള്ളിയറക്കാവ് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 75,087 രൂപ. ചെലവ് 3,82,526 രൂപ. വരവിനെ അധികരിച്ച ചെലവ് 3,07,439 രൂപ (ചെലവ്, വരവിന്റെ അഞ്ചിരട്ടിയിലധികം).

പാർട്ട്ടൈം ശാന്തി തസ്തിക മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ക്ഷേത്രവും പരിസരവും വൃത്തിയാക്കുക, പുജാപാത്രങ്ങൾ, നിവേദ്യപാത്രങ്ങൾ, വിളക്കുകൾ തുടങ്ങിയവ ശുചിയാക്കുക മുതലായ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ (പാർട്ട്ടൈം) നിയോഗിക്കുന്നതിനും ടിയാൾക്ക് പാർട്ട്ടൈം തളി തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

തുളിശാല ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1		1.	ശാന്തി	1
2.	വാച്ചർ	1		2.	വാച്ചർ	1
3.	കഴകം	1		3.	തളി (പാർട്ട്ടൈം)	1
4.	തളി (പാർട്ട്ടൈം)	1				
	ആകെ	**4**			**ആകെ**	**3**

ക്രമ നമ്പർ	പുതുതായി അനുവദിക്കാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	1

തുളിശാല ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 1,20,336 രൂപ. ചെലവ് 13,53,897 രൂപ. വരവിനെ അധികരിച്ച ചെലവ് 12,33,561 രൂപ (ചെലവ്, വരവിന്റെ പതിനൊന്ന് മടങ്ങിലധികം).

തുളിശാല ദേവസ്വത്തിലെ കഴകം, പാർട്ട്ടൈം തളി തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത തസ്തികകളിൽ ജീവനക്കാരെ നിയോഗിച്ച്, ടിയാളുകളുടെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

പ്രതിമാസം ശരാശരി 10,100 രൂപയിൽ താഴെ വരവും കഴകം, പാർട്ട്ടൈം തളി തസ്തികകളിലെ ജീവനക്കാരുടെ ശമ്പളം ഉൾപ്പെടാതെ 1,12,000 രൂപയ്ക്ക് മുകളിൽ ചെലവുമുള്ള തുളിശാല ദേവസ്വത്തിലെ ശാന്തിപ്രവൃത്തിക്കായി ഫുൾടൈം തസ്തിക നിലനിർത്തേണ്ടതില്ലായെന്ന് വിലയിരുത്തുന്നു. ഫുൾടൈം ശാന്തി തസ്തിക ഒഴിവാക്കാവുന്നതും പകരം പാർട്ട്ടൈം ശാന്തി തസ്തിക അനുവദിക്കാവുന്നതുമാണ്. ഫുൾടൈം ക്ഷേത്രമാകയാൽ തുളിശാല ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തി തസ്തികയിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. രണ്ടുനേരവും ക്ഷേത്രത്തിൽ ഹാജരായി ശാന്തിപ്രവൃത്തി നിർവ്വഹിക്കുന്ന പാർട്ട്ടൈം ശാന്തിക്ക് അനുവാദമുള്ള അധികഅലവൻസ്, തുളിശാല ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തിക്ക് ചെലവെഴുതി കൊടുക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

ജോലിഭാരം പരിഗണിച്ചതിൽ, ശാന്തിപ്രവൃത്തിക്ക് പുറമെയുള്ള പ്രവൃത്തികൾ ഒരാൾക്ക് നിർവ്വഹിക്കാവുന്നതെയുള്ളൂവെന്ന് കാണുന്നു. ആകയാൽ, ശാന്തിപ്രവൃത്തിക്ക് പുറമെയുള്ള പ്രവൃത്തികൾ നിർവ്വഹിക്കണമെന്ന വ്യവസ്ഥയിൽ കഴകം തസ്തിക നിലനിർത്താവുന്നതും വാച്ചർ, പാർട്ട്ടൈം തളി തസ്തികകൾ ഒഴിവാക്കാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം	റിമാർക്സ്
1.	ശാന്തി (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന്പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്
2.	കഴകം	1	
	ആകെ	**2**	

മരുതൂർക്കാവ്, പുതിയാമഠം, മിത്രകേരി ദേവസ്വങ്ങൾ

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1		1.	ശാന്തി	1
2.	കഴകം	1		2.	കഴകം	1
	ആകെ	**2**			**ആകെ**	**2**

	മരുതൂർക്കാവ് ദേവസ്വം	
ക്രമ നമ്പർ	**പുതുതായി അനുവദിക്കാവുന്ന തസ്തിക**	**എണ്ണം**
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

	പുതിയാമഠം, മിത്രകേരി ദേവസ്വങ്ങൾ	
ക്രമ നമ്പർ	**പുതുതായി അനുവദിക്കാവുന്ന തസ്തിക**	**എണ്ണം**
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

മരുതൂർക്കാവ്, പുതിയാമഠം, മിത്രകേരി ദേവസ്വങ്ങളിലെ വാർഷിക (2019-2020) വരവ് യഥാക്രമം 26,020 രൂപയും 18,121 രൂപയും 12,488 രൂപയും (ആകെ വരവ് 56,629) ചെലവ് 9,63,986 രൂപയുമാണ്. വരവിനെ അധികരിച്ച ചെലവ് 9,07,357 രൂപ (ചെലവ്, വരവിന്റെ പതിനേഴിരട്ടിയിലധികം).

മരുതൂർക്കാവ്, പുതിയാമഠം, മിത്രകേരി എന്നീ മൂന്ന് ദേവസ്വങ്ങളിലേക്കുമായി ഒരു ഫുൾടൈം ശാന്തി, ഒരു ഫുൾടൈം കഴകം തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. രാവിലെ 6 മണി മുതൽ 8 വരെ മിത്രകേരി ദേവസ്വവും, 8 മണി മുതൽ 10 വരെ പുതിയാമഠം ദേവസ്വവും, വൈകുന്നേരം 5 മണി മുതൽ 7 മണി വരെ മരുതൂർക്കാവ് ക്ഷേത്രവും തുറന്ന് പൂജ നടത്തി വരുന്നു. വളരെ കുറച്ച് സമയം മാത്രമാണ് ക്ഷേത്രങ്ങൾ തുറന്നിരിക്കുന്നത്. അതിനാൽ, ഭക്തർക്ക് ദർശനത്തിനും, വഴിപാടുകൾ നടത്തുന്നതിനും ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

രാവിലെ തുറന്ന് പൂജ നടത്തുന്നുവെങ്കിൽ മരുതൂർക്കാവ് ക്ഷേത്രം അഭിവൃദ്ധിപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. മിത്രകേരി ക്ഷേത്രം രാവിലെ 6 മണി മുതൽ 10 വരെയും പുതിയാമഠം ക്ഷേത്രം വൈകുന്നേരം 5 മണി മുതൽ 7 മണിവരെയും തുറന്ന് പൂജ നടത്തുന്നത് ഭക്തർക്ക് വഴിപാടുകൾ നടത്തുന്നതിന് കൂടുതൽ സൗകര്യമായിരിക്കുമെന്ന് കാണുന്നു.

മേൽസാഹചര്യങ്ങൾ കണക്കിലെടുത്ത് മരുതൂർക്കാവ്, പുതിയാമഠം, മിത്രകേരി എന്നീ ക്ഷേത്രങ്ങളിലായി ഇപ്പോൾ നിലവിലുള്ള ഫുൾടൈം ശാന്തി, ഫുൾടൈം കഴകം തസ്തികകൾ ഒഴിവാക്കാവുന്നതാണ്. പകരം മരുതൂർക്കാവ് ക്ഷേത്രത്തിൽ ഒരു പാർട്ട്ടൈം ശാന്തി തസ്തികയും മിത്രകേരി, പുതിയാമഠം ക്ഷേത്രങ്ങളിലേക്കായി ഒരു പാർട്ട്ടൈം ശാന്തി തസ്തികയും ഉൾപ്പെടെ രണ്ട് പാർട്ട്ടൈം ശാന്തി തസ്തികകൾ അനുവദിക്കാവുന്നതാണ്.

മിത്രകേരി, പുതിയാമഠം ക്ഷേത്രങ്ങളിലേക്കായി അനുവദിക്കുന്ന പാർട്ട്ടൈം ശാന്തി രാവിലെ മിത്രകേരി ക്ഷേത്രത്തിലും വൈകുന്നേരം പുതിയാമഠം ക്ഷേത്രത്തിലും ഹാജരായി നട തുറന്ന് പൂജ നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. മിത്രകേരി, പുതിയാമഠം ദേവസ്വങ്ങളിലേക്കായി നിയോഗിക്കപ്പെടുന്ന പാർട്ട്ടൈം ശാന്തിക്ക്, രണ്ടുനേരവും ഹാജരായി പൂജാദികാര്യങ്ങൾ നിർവ്വഹിക്കുന്നതിന് പാർട്ട്ടൈം ശാന്തിക്ക് അനുവാദമുള്ള അധിക അലവൻസ് ചെലവെഴുതി കൊടുക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

മരുതൂർക്കാവ് ദേവസ്വത്തിലെ കഴകപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെയും (പാർട്ട്ടൈം) മിത്രകേരി, പുതിയാമഠം ദേവസ്വങ്ങളിലെ കഴകപ്രവൃത്തിക്കായി മറെറാരാളെയും (പാർട്ട്ടൈം) സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ നിയോഗിക്കുന്നതിനും ടിയാളുകൾക്ക് (രണ്ടുപേർ) പാർട്ട്ടൈം കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതാണ്.

മിത്രകേരി, പുതിയാമഠം ദേവസ്വങ്ങളിലെ കഴകപ്രവൃത്തിക്കായി നിയോഗിക്കപ്പെടുന്ന ആൾ രാവിലെയും വൈകുന്നേരവും ടി ദേവസ്വങ്ങളിൽ ഹാജരായി ജോലിചെയ്യേണ്ടി വരുന്നുവെന്നതിനാൽ, രണ്ടുനേരവും ഹാജരായി ജോലി ചെയ്യുന്ന പാർട്ട്ടൈം കഴകത്തിന് നിശ്ചയിക്കുന്ന അധിക അലവൻസ്, മിത്രേകരി, പുതിയാമഠം ദേവസ്വങ്ങളിലെ കഴകപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ നിയോഗിക്കുന്ന ആൾക്കും ചെലവെഴുതി കൊടുക്കുന്നതിന് അനുമതി ഉണ്ടാകേണ്ടതാണ്.

	മരുതൂർക്കാവ് ദേവസ്വം	
ക്രമ നമ്പർ	**പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക**	**എണ്ണം**
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

	പുതിയാമഠം, മിത്രകേരി ദേവസ്വങ്ങൾ		
ക്രമ നമ്പർ	**പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക**	**എണ്ണം**	**റിമാർക്സ്**
1.	ശാന്തി (പാർട്ട്ടൈം)	1	രാവിലെ മിത്രകേരി ക്ഷേത്രത്തിലും വൈകുന്നേരം പുതിയാമഠം ക്ഷേത്രത്തിലും ഹാജരായി നട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്
	ആകെ	**1**	

തിരുവാർമംഗലം ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം
1.	ശാന്തി	1
2.	കഴകം	1
	ആകെ	**2**

തിരുവാർമംഗലം ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 2,27,170 രൂപ. ചെലവ് 7,76,430 രൂപ. വരവിനെ അധികരിച്ച ചെലവ് 5,49,260 രൂപ (വരവിന്റെ മൂന്നരയിരട്ടിയോളമാണ് ചെലവ്).

തിരുവാർമംഗലം ദേവസ്വത്തിലെ കഴകജീവനക്കാരനാണ് തിരുവൻവണ്ടൂർ സബ്ഗ്രൂപ്പിൽപ്പെട്ട മണപ്പുറം ദേവസ്വത്തിലെ പ്രവൃത്തികൾ കൂടി നിർവ്വഹിച്ചുവരുന്നത്. പ്രസ്തുത ക്രമീകരണം തുടരേണ്ടതാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം	റിമാർക്സ്
1.	ശാന്തി	1	
2.	കഴകം	1	തിരുവൻവണ്ടൂർ സബ്ഗ്രൂപ്പിൽപ്പെട്ട മണപ്പുറം ദേവസ്വത്തിലെ പ്രവൃത്തികൾ കൂടി നിർവ്വഹിക്കേണ്ടതാണ്.
	ആകെ	**2**	

തെള്ളിയൂർക്കാവ് സബ്ഗ്രൂപ്പ്

തെള്ളിയൂർക്കാവ് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം
1.	ശാന്തി	2		1.	വാച്ചർ	1
2.	വാച്ചർ	2				
3.	കഴകം	1				
4.	തളി	1				
	ആകെ	**6**			**ആകെ**	**1**

തെള്ളിയൂർക്കാവ് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 18,12,775 രൂപ. ചെലവ് 16,19,510 രൂപ.

വാച്ചർ തസ്തിക ഒരെണ്ണവും കഴകം തസ്തികയും ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത തസ്തികകളിൽ ജീവനക്കാരെ നിയോഗിച്ച്, ടിയാളുകളുടെയും സബ്ഗ്രൂപ്പ് ഓഫീസറുടെയും ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, ചെലവ് വരവിനേക്കാൾ വളരെയധികം കൂടിനിൽക്കുന്നതാണ്.

വാച്ചർ തസ്തിക ഒരെണ്ണം ഒഴിവാക്കാവുന്നതാണ്. വാച്ചർ തസ്തിക ഒരെണ്ണം ഒഴിവാക്കുന്ന സാഹചര്യത്തിൽ റബ്ബർപ്ലാന്റേഷൻ നിലവിലുള്ളതിനാൽ, തെള്ളിയൂർക്കാവ് ദേവസ്വത്തിലെ കഴകം, തളി തസ്തികകളിൽ പുരുഷജീവനക്കാരെ നിയോഗിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം	റിമാർക്സ്
1.	ശാന്തി	2	
2.	വാച്ചർ	1	
3.	കഴകം	1	പുരുഷജീവനക്കാരെ നിയോഗിക്കേണ്ടതാണ്
4.	തളി	1	
	ആകെ	**5**	

പനമററത്തുകാവ് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1		1.	വാച്ചർ	1
2.	വാച്ചർ	1		2.	കഴകം	1
3.	കഴകം	1				
	ആകെ	**3**			**ആകെ**	**2**

പനമററത്തുകാവ് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 1,50,641 രൂപ. ചെലവ് 5,69,690 രൂപ. വരവിനെ അധികരിച്ച ചെലവ് 4,19,049 രൂപ.

പനമററത്തുകാവ് ദേവസ്വത്തിലെ വാച്ചർ, കഴകം തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത തസ്തികകളിൽ ജീവനക്കാരെ നിയോഗിച്ച്, ടിയാളുകളുടെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, ചെലവ് വരവിന്റെ ഏഴിരട്ടിയിലധികമായി വർദ്ധിക്കുന്നതാണ്.

ക്ഷേത്രവരവിലെ കുറവ് കണക്കിലെടുത്ത്, വാച്ചർ, കഴകം തസ്തികകൾ ഒഴിവാക്കാവുന്നതാണ്. പനമററത്തുകാവ് ദേവസ്വത്തിലെ കഴകപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം
1.	ശാന്തി	1
	ആകെ	**1**

കവുങ്ങുംപ്രയാർ ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം
1.	ശാന്തി	1		1.	വാച്ചർ	1
2.	വാച്ചർ	1				
3.	കഴകം	1				
	ആകെ	**3**			**ആകെ**	**1**

കവുങ്ങുംപ്രയാർ ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 2,71,575 രൂപ. ചെലവ് 6,62,688 രൂപ. വരവിനെ അധികരിച്ച ചെലവ് 3,91,113 രൂപ.

കവുങ്ങുംപ്രയാർ ദേവസ്വത്തിലെ കഴകം തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത തസ്തികയിൽ ജീവനക്കാരനെ നിയോഗിച്ച്, ടിയാളുടെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

വാച്ചറുടെ സേവനം വേണ്ടിവരുന്നില്ലായെന്ന് കാണുന്നു. വാച്ചർ തസ്തിക ഒഴിവാക്കാവുന്നതാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1
2.	കഴകം	1
	ആകെ	**2**

രാജരാജേശ്വരി ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1		1.	ശാന്തി	1
2.	കഴകം	1		2.	കഴകം	1
	ആകെ	**2**			**ആകെ**	**2**

ക്രമ നമ്പർ	പുതുതായി അനുവദിക്കാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

രാജരാജേശ്വരി ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 1,01,433 രൂപ. ചെലവ് 2,57,560 രൂപ. വരവിനെ അധികരിച്ച ചെലവ് 1,56,127 രൂപ.

പ്രതിമാസം ശരാശരി 8,500 രൂപയിൽ താഴെ വരവുള്ള രാജരാജേശ്വരി ദേവസ്വത്തിലെ ശാന്തിപ്രവൃത്തിക്കായി ഫുൾടൈം തസ്തിക നിലനിർത്തേണ്ടതില്ലായെന്ന് വിലയിരുത്തുന്നു. ഫുൾടൈം ശാന്തി തസ്തിക ഒഴിവാക്കാവുന്നതും പകരം പാർട്ട്ടൈം ശാന്തി തസ്തിക അനുവദിക്കാവുന്നതുമാണ്. ഫുൾടൈം ക്ഷേത്രമാകയാൽ, രാജരാജേശ്വരി ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തി തസ്തികയിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. രണ്ടുനേരവും ഹാജരായി ശാന്തിപ്രവൃത്തി നിർവ്വഹിക്കുന്ന പാർട്ട്ടൈം ശാന്തിക്ക് അനുവാദമുള്ള അധികഅലവൻസ്, രാജരാജേശ്വരി ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തിക്ക് ചെലവെഴുതി കൊടുക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

കഴകം തസ്തിക ഒഴിവാക്കാവുന്നതും, രാജരാജേശ്വരി ദേവസ്വത്തിലെ കഴകപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	ശാന്തി (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്
	ആകെ	**1**	

ഏലംമഹാദേവർ ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം
1.	ശാന്തി	1		1.	കഴകം	1
2.	കഴകം	1				
3.	തളി (പാർട്ട്ടൈം)	1				
	ആകെ	**3**			**ആകെ**	**1**

ഏലംമഹാദേവർ ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 1,74,266 രൂപ. ചെലവ് 7,72,880 രൂപ. വരവിനെ അധികരിച്ച ചെലവ് 5,98,614 രൂപ.

ചെലവ് വരവിനേക്കാൾ വളരെ കൂടുതലാകയാൽ, കഴകം തസ്തിക ഒഴിവാക്കാവുന്നതും, ഏലംമഹാദേവർ ദേവസ്വത്തിലെ കഴകപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1
2.	തളി (പാർട്ട്ടൈം)	1
	ആകെ	**1**

കണ്ണശതേവർ ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം
1.	ശാന്തി	1		1.	കഴകം	1
2.	വാച്ചർ	1				
3.	കഴകം	1				
4.	തളി	1				
	ആകെ	**4**			**ആകെ**	**1**

കണ്ണശതേവർ ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 3,48,371 രൂപ. ചെലവ് 14,59,474 രൂപ. വരവിനെ അധികരിച്ച ചെലവ് 11,11,103 രൂപ (ചെലവ്, വരവിന്റെ നാലിരട്ടിയിലധികം).

ജോലിഭാരം പരിഗണിച്ചതിൽ, ടി ദേവസ്വത്തിലെ കഴകം, തളി പ്രവൃത്തികൾ ഒരാൾക്ക് നിർവ്വഹിക്കാവുന്നതെയുള്ളൂവെന്ന് കാണുന്നു. കഴകപ്രവൃത്തി കൂടി നിർവ്വഹിക്കണമെന്ന വ്യവസ്ഥയിൽ തളി തസ്തിക നിലനിർത്താവുന്നതും കഴകം തസ്തിക ഒഴിവാക്കാവുന്നതുമാണ്.

കണ്ണശതേവർ ദേവസ്വത്തിലെ വിഗ്രഹം പഞ്ചലോഹ നിർമ്മിതമാണ്. മേൽസാഹചര്യത്തിൽ, സുരക്ഷ ഉറപ്പാക്കേണ്ടതുണ്ട്. രാത്രികാലസുരക്ഷയ്ക്കായുള്ള കിടമുറ ഡ്യൂട്ടി നിർവ്വഹിക്കേണ്ടതുണ്ടെന്നതിനാൽ, കണ്ണശതേവർ ദേവസ്വത്തിലെ തളി തസ്തികയിൽ പുരുഷ ജീവനക്കാരനെ നിയോഗിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം	റിമാർക്സ്
1.	ശാന്തി	1	
2.	വാച്ചർ	1	
3.	തളി	1	പുരുഷ ജീവനക്കാരനെ നിയോഗിക്കേണ്ടതാണ്
	ആകെ	**3**	

തിരുവൻവണ്ടൂർ സബ്ഗ്രൂപ്പ്

തിരുവൻവണ്ടൂർ ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	3		1.	വാച്ചർ	1
2.	വാച്ചർ	2		2.	തളി	1
3.	നാഗസ്വരം	1		3.	പഞ്ചവാദ്യം	1
4.	തകിൽ	1				
5.	പഞ്ചവാദ്യം	3				
6.	കഴകം	1				
7.	തളി	2				
	ആകെ	**13**			**ആകെ**	**3**

തിരുവൻവണ്ടൂർ ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 15,21,100 രൂപ. ചെലവ് 33,20,183 രൂപ. വരവിനെ അധികരിച്ച ചെലവ് 17,99,083 രൂപ.

തിരുവൻവണ്ടൂർ ദേവസ്വത്തിലെ വാച്ചർ തസ്തിക ഒരെണ്ണവും, പഞ്ചവാദ്യം, തളി തസ്തികകൾ രണ്ടെണ്ണം വീതവും, കഴകം തസ്തികയും ഒഴിഞ്ഞുകിടക്കുകയാണ്. ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ ജീവനക്കാരെ നിയമിച്ച്, ടിയാന്മാരുടെയും സബ്ഗ്രൂപ്പ് ഓഫീസറുടെയും ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, ചെലവ് വരവിന്റെ മൂന്നിരട്ടിയിലധികമാകുന്നതാണ്.

തിരുവൻവണ്ടൂർ ദേവസ്വത്തിൽ ഒരു വാച്ചറുടെ സേവനം മതിയാകുമെന്ന് ബോദ്ധ്യപ്പെടുന്നു. വാച്ചർ തസ്തിക ഒരെണ്ണം ഒഴിവാക്കാവുന്നതാണ്.

പൂജാപാട്ടിനായി ഒരു തസ്തിക നിലവിലുണ്ട്. ക്ഷേത്രകലാപീഠത്തിൽ നിന്നും പാസ്സാകുന്ന പഞ്ചവാദ്യ കലാകാരന്മാർ പൂജാപാട്ടിൽ പരിജ്ഞാനമുള്ളവരാണ്. അതിനാൽ, തിരുവൻവണ്ടൂർ ദേവസ്വത്തിലെ പഞ്ചവാദ്യം തസ്തികകളിൽ ക്ഷേത്രകലാപീഠത്തിൽ നിന്നും പാസ്സായവരെ നിയോഗിക്കേണ്ടതാണെന്നും ടി പഞ്ചവാദ്യ ജീവനക്കാർ പൂജാപാട്ട് തസ്തികയിലെ ജീവനക്കാരൻ നിർവ്വഹിച്ചുവരുന്ന പ്രവൃത്തികൾ കൂടി ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതുമാണ്. മേൽസാഹചര്യത്തിൽ, പൂജാപാട്ട് തസ്തിക ഒഴിവാക്കാവുന്നതാണ്.

അധികരിച്ച ചെലവ് കണക്കിലെടുത്ത്, തളി തസ്തിക ഒരെണ്ണം ഒഴിവാക്കാവുന്നതും, ഒഴിവാക്കുന്ന തസ്തികയിലെ ജീവനക്കാരി ചെയ്തുവരുന്ന പ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് തളി തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	3
2.	വാച്ചർ	1
3.	നാഗസ്വരം	1
4.	തകിൽ	1
5.	പഞ്ചവാദ്യം	2
6.	കഴകം	1
7.	തളി	1
	ആകെ	**10**

ഇരമല്ലിക്കര ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം
1.	ശാന്തി	1		1.	കഴകം	1
2.	വാച്ചർ	1				
3.	കഴകം	1				
4.	തളി	1				
	ആകെ	**4**			**ആകെ**	**1**

ഇരമല്ലിക്കര ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 1,90,111 രൂപ. ചെലവ് 7,64,520 രൂപ. വരവിനെ അധികരിച്ച ചെലവ് 5,74,409 രൂപ.

ഇരമല്ലിക്കര ദേവസ്വത്തിലെ വാച്ചർ, കഴകം തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത തസ്തികകളിൽ ജീവനക്കാരെ നിയമിച്ച്, ടിയാളുടെകളുടെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, ചെലവ് വരവിന്റെ ആറിരട്ടിയോളമാകുന്നതാണ്.

ജോലിഭാരം പരിഗണിച്ചതിൽ, ടി ദേവസ്വത്തിലെ കഴകം, തളി പ്രവൃത്തികൾ ഒരാൾക്ക് നിർവ്വഹിക്കാവുന്നതെയുള്ളൂവെന്ന് കാണുന്നു. കഴകപ്രവൃത്തി കൂടി നിർവ്വഹിക്കണമെന്ന വ്യവസ്ഥയിൽ തളി തസ്തിക നിലനിർത്താവുന്നതും കഴകം തസ്തിക ഒഴിവാക്കാവുന്നതുമാണ്.

ഇരമല്ലിക്കര ദേവസ്വത്തിലെ വിഗ്രഹം പഞ്ചലോഹ നിർമ്മിതമാണ്. മേൽസാഹചര്യത്തിൽ, സുരക്ഷ ഉറപ്പാക്കേണ്ടതുണ്ട്. രാത്രികാലസുരക്ഷയ്ക്കായുള്ള കിടമുറ ഡ്യൂട്ടി നിർവ്വഹിക്കേണ്ടതുണ്ടെന്നതിനാൽ, ഇരമല്ലിക്കര ദേവസ്വത്തിലെ തളി തസ്തികയിൽ പുരുഷ ജീവനക്കാരനെ നിയോഗിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം	റിമാർക്സ്
1.	ശാന്തി	1	
2.	വാച്ചർ	1	
3.	തളി	1	പുരുഷ ജീവനക്കാരനെ നിയോഗിക്കേണ്ടതാണ്
	ആകെ	**3**	

ഉമയാററുകാവ് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1		1.	ശാന്തി	1
2.	കഴകം	1		2.	കഴകം	1
3.	തളി	1		3.	തളി	1
	ആകെ	**3**			**ആകെ**	**3**

ക്രമ നമ്പർ	പുതുതായി അനുവദിക്കാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

ഉമയാററുകാവ് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 94,593 രൂപയും ചെലവ് 7,11,300 രൂപയുമാണ്. വരവിനെ അധികരിച്ച ചെലവ് 6,16,707 രൂപ. (ചെലവ്, വരവിന്റെ ഏഴരയിട്ടിയിലധികം).

തളി തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. ടി തസ്തികയിൽ ജീവനക്കാരനെ നിയമിച്ച്, ടിയാന്റെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

പ്രതിമാസം ശരാശരി 7,900 രൂപയിൽ താഴെ വരവും 59,000 രൂപയ്ക്ക് മുകളിൽ ചെലവുമുള്ള ഉമയാററുകാവ് ദേവസ്വത്തിലെ ശാന്തിപ്രവൃത്തിക്കായി ഫുൾടൈം തസ്തിക നിലനിർത്തേണ്ടതില്ലായെന്ന് വിലയിരുത്തുന്നു. ഫുൾടൈം ശാന്തി തസ്തിക ഒഴിവാക്കാവുന്നതും പകരം പാർട്ട്ടൈം ശാന്തി തസ്തിക അനുവദിക്കാവുന്നതുമാണ്.

ഫുൾടൈം ക്ഷേത്രമാകയാൽ, ഉമയാററുകാവ് ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തി തസ്തികയിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. രണ്ടുനേരവും ഹാജരായി ശാന്തിപ്രവൃത്തി നിർവ്വഹിക്കുന്ന പാർട്ട്ടൈം ശാന്തിക്ക് അനുവാദമുള്ള അധികഅലവൻസ്, ഉമയാററുകാവ് ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തിക്ക് ചെലവെഴുതി കൊടുക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

കഴകം, തളിപ്രവൃത്തികൾ ഒരാൾക്ക് നിർവ്വഹിക്കാവുന്നതേയുള്ളുവെന്നും ക്ഷേത്രവരവിലെ കുറവ് പരിഗണിച്ച്, പ്രസ്തുത പ്രവൃത്തികൾക്കായി തസ്തിക നിലനിർത്തേണ്ടതില്ലായെന്നും വിലയിരുത്തുന്നു. കഴകം, തളി തസ്തികകൾ ഒഴിവാക്കാവുന്നതും ഉമയാററുകാവ് ദേവസ്വത്തിലെ ശാന്തിപ്രവൃത്തിക്ക് പുറമെയുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയമിക്കുന്നതിനും കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	ശാന്തി (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്
	ആകെ	**1**	

മുഴുക്കീർ വിഷ്ണു ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തിക	എണ്ണം
1.	ശാന്തി	1		1.	കഴകം	1
2.	കഴകം	1				
	ആകെ	**2**			**ആകെ**	**1**

ക്രമ നമ്പർ	പുനർവിന്യാസത്തിലൂടെ വരുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	കഴകം (പാർട്ട്ടൈം)	1	കൊട്ടാരക്കര ഗ്രൂപ്പിലെ തേവലപ്പുറം സബ്ഗ്രൂപ്പിൽപ്പെട്ട മാറനാട് മണ്ണൂർക്കാവ് ദേവസ്വത്തിലെ പാർട്ട്ടൈം കഴകം തസ്തിക മുഴുക്കീർ വിഷ്ണു ദേവസ്വത്തിലേക്ക് മാററാവുന്നതാണ്.
	ആകെ	**1**	

മുഴുക്കീർവിഷ്ണു ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 1,72,893 രൂപ. ചെലവ് 9,55,020 രൂപ. വരവിനെ അധികരിച്ച ചെലവ് 7,82,127 രൂപ (ചെലവ്, വരവിന്റെ അഞ്ചരമടങ്ങിലധികം).

മുഴുക്കീർ വിഷ്ണു ക്ഷേത്രത്തിലെ കഴകജീവനക്കാരനാണ് മുഴുക്കീർ ശിവക്ഷേത്രത്തിലെ ജോലികൾ കൂടി ചെയ്തുവരുന്നത്. മുഴുക്കീർ ശീവക്ഷേത്രത്തിലെ കഴകപ്രവൃത്തിക്കായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കാനുള്ള ശുപാർശ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നുണ്ട്. പ്രസ്തുത സാഹചര്യം കണക്കിലെടുത്തും ക്ഷേത്രവരവിലെ കുറവും കുറഞ്ഞ ജോലിഭാരവും പരിഗണിച്ചും മുഴുക്കീർ വിഷ്ണു ക്ഷേത്രത്തിലെ കഴകപ്രവൃത്തിക്കായി ഫുൾടൈം തസ്തിക നിലനിർത്തേണ്ടതില്ലായെന്ന് വിലയിരുത്തുന്നു. മുഴുക്കീർ വിഷ്ണു ക്ഷേത്രത്തിലെ ഫുൾടൈം കഴകം തസ്തിക ഒഴിവാക്കാവുന്നതും പകരം കൊട്ടാരക്കര ഗ്രൂപ്പിലെ തേവലപ്പുറം സബ്ഗ്രൂപ്പിൽപ്പെട്ട മാറനാട് മണ്ണൂർക്കാവ് ദേവസ്വത്തിലെ പാർട്ട്ടൈം കഴകം തസ്തിക മുഴുക്കീർ വിഷ്ണു ദേവസ്വത്തിലേക്ക് മാററാവുന്നതുമാണ്. ഫുൾടൈം ക്ഷേത്രമാകയാൽ, മുഴുക്കീർ വിഷ്ണു ക്ഷേത്രത്തിലെ പാർട്ട്ടൈം കഴകം തസ്തികയിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ രാവിലെയും വൈകുന്നേരവും ക്ഷേത്രത്തിൽ ഹാജരായി കർത്തവ്യനിർവ്വഹണം നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. രണ്ടുനേരവും ക്ഷേത്രത്തിൽ ഹാജരായി ജോലിചെയ്യുന്ന പാർട്ട്ടൈം കഴകത്തിന് അധികഅലവൻസ് നിശ്ചയിക്കേണ്ടതും അനുവദിക്കുന്ന തുക ചെലവെഴുതി കൊടുക്കുന്നതിന് അനുമതി ഉണ്ടാകേണ്ടതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം	റിമാർക്സ്
1.	ശാന്തി	1	
2.	കഴകം (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും മുഴുക്കീർ വിഷ്ണുക്ഷേത്രത്തിൽ ഹാജരായി കർത്തവ്യനിർവ്വഹണം നടത്തേണ്ടതാണ്
	ആകെ	**2**	

മുഴുക്കീർമഹാദേവർ ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

മുഴുക്കീർ മഹാദേവർ ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 65,394 രൂപ. ചെലവ് 1,73,328 രൂപ. വരവിനെ അധികരിച്ച ചെലവ് 1,07,934 രൂപ (ചെലവ്, വരവിന്റെ ഇരട്ടിയിലധികം).

മുഴുക്കീർ വിഷ്ണുക്ഷേത്രത്തിലെ കഴകജീവനക്കാരനാണ് മുഴുക്കീർ മഹാദേവർ ദേവസ്വത്തിലെ പ്രവൃത്തികൾ കൂടി നിർവ്വഹിച്ചുവരുന്നത്. മുഴുക്കീർ വിഷ്ണു ദേവസ്വത്തിലെ ഫുൾടൈം കഴകം തസ്തിക ഒഴിവാക്കി പകരം പാർട്ട്ടൈം കഴകം തസ്തിക അനുവദിക്കുന്ന സാഹചര്യത്തിൽ, മുഴുക്കീർ മഹാദേവർ ദേവസ്വത്തിലെ കഴകപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ (പാർട്ട്ടൈം) നിയോഗിക്കുന്നതിനും ടിയാൾക്ക് പാർട്ട്ടൈം കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

നിരണത്തുശാല, അയ്യൻകോവിൽ ശ്രീധരമംഗലം ദേവസ്വങ്ങൾ

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1		1.	ശാന്തി	1
2.	കഴകം	1		2.	കഴകം	1
	ആകെ	**2**			**ആകെ**	**2**

	നിരണത്തുശാല ദേവസ്വം	
ക്രമ നമ്പർ	**പുതുതായി അനുവദിക്കാവുന്ന തസ്തിക**	**എണ്ണം**
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

	അയ്യൻകോവിൽ ശ്രീധരമംഗമലം ദേവസ്വം	
ക്രമ നമ്പർ	**പുതുതായി അനുവദിക്കാവുന്ന തസ്തിക**	**എണ്ണം**
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

നിരണത്തുശാല, അയ്യൻകോവിൽ ശ്രീധരമംഗലം ദേവസ്വങ്ങളിലെ വരവ് യഥാക്രമം 22,838 രൂപയും 76,152 രൂപയും ചെലവ് 8,07,441 രൂപയുമാണ്. വരവിനെ അധികരിച്ച ചെലവ് 7,08,451 രൂപ (ചെലവ്, വരവിന്റെ എട്ട് മടങ്ങിലധികം).

അയ്യൻകോവിൽ ശ്രീധരമംഗലം ദേവസ്വം രാവിലെയും നിരണത്തുശാല ദേവസ്വം വൈകുന്നേരവുമാണ് തുറന്ന് പൂജ നടത്തിവരുന്നത്. നിരണത്തുശാല, അയ്യൻകോവിൽ ദേവസ്വങ്ങളിൽ ഓരോ പാർട്ട്ടൈം ശാന്തി തസ്തിക അനുവദിക്കുന്നുവെങ്കിൽ ടി രണ്ട് ക്ഷേത്രങ്ങളും രാവിലെ തുറന്ന് പൂജ നടത്തുന്നതിന് സഹായകരമാകുമെന്നും ക്ഷേത്രങ്ങൾ അഭിവൃദ്ധിപ്പെടുമെന്നും പ്രതീക്ഷിക്കുന്നു.

അയ്യൻകോവിൽ ശ്രീധരമംഗലം, നിരണത്തുശാല ദേവസ്വങ്ങളിലേക്കായി അനുവദിച്ചിട്ടുള്ള ഫുൾടൈം ശാന്തി തസ്തിക ഒഴിവാക്കാവുന്നതും പകരം ടി രണ്ട് ദേവസ്വങ്ങളിലും ഓരോ പാർട്ട്ടൈം ശാന്തി തസ്തിക അനുവദിക്കാവുന്നതുമാണ്. നിരണത്തുശാല ദേവസ്വം രാവിലെ തുറന്ന് പൂജ നടത്തുന്നതിനുള്ള സാദ്ധ്യത പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിന് തിരുവല്ല ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്താവുന്നതാണ്.

ക്ഷേത്രവരവിലെ കുറവും കുറഞ്ഞ ജോലിഭാരവും പരിഗണിച്ച്, ടി ക്ഷേത്രങ്ങളിലെ കഴകപ്രവൃത്തിക്കായി അനുവദിച്ചിട്ടുള്ള ഫുൾടൈം കഴകം തസ്തിക ഒഴിവാക്കാവുന്നതും അയ്യൻകോവിൽ ശ്രീധരമംഗലം, നിരണത്തുശാല ദേവസ്വങ്ങളിലെ കഴകപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഓരോ ആൾക്കാരെ (പാർട്ട്ടൈം - രണ്ടുപേർ) നിയോഗിക്കുന്നതിനും ടിയാളുകൾക്ക് പാർട്ട്ടൈം കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

	നിരണത്തുശാല ദേവസ്വം	
ക്രമ നമ്പർ	**പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക**	**എണ്ണം**
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

	അയ്യൻകോവിൽ ശ്രീധരമംഗമലം ദേവസ്വങ്ങൾ	
ക്രമ നമ്പർ	**പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക**	**എണ്ണം**
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

മണപ്പുറം ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

മണപ്പുറം ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 31,063 രൂപയും ചെലവ് 1,76,706 രൂപയുമാണ്. വരവിനെ അധികരിച്ച ചെലവ് 1,45,643 രൂപ. (ചെലവ്, വരവിന്റെ അഞ്ചരയിരട്ടിയിലധികം).

തൃക്കുരട്ടി സബ്ഗ്രൂപ്പിൽപ്പെട്ട തിരുവാർമംഗലം ദേവസ്വത്തിലെ ഫുൾടൈം കഴകജീവനക്കാരനാണ് മണപ്പുറം ദേവസ്വത്തിലെ പ്രവൃത്തികൾ നിർവ്വഹിച്ചുവരുന്നത്. പ്രസ്തുത ക്രമീകരണം തുടരുന്നതിനുള്ള നിർദ്ദേശം തിരുവാർമംഗലം ദേവസ്വവുമായി ബന്ധപ്പെട്ട റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

തൃക്കണ്ണാപുരം സബ്ഗ്രൂപ്പ്

തൃക്കണ്ണാപുരം ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തിക	എണ്ണം
1.	ശാന്തി	1
	ആകെ	**1**

തൃക്കണ്ണാപുരം ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 1,53,125 രൂപ. ചെലവ് 5,32,600 രൂപ. വരവിനെ അധികരിച്ച ചെലവ് 3,79,475 രൂപ. (ചെലവ്, വരവിന്റെ മൂന്നരയിരട്ടി).

തൃക്കണ്ണാപുരം ദേവസ്വത്തിൽ ഫുൾടൈം ശാന്തി തസ്തിക മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ടി ദേവസ്വത്തിലെ കഴകപ്രവൃത്തി നിർവ്വഹിക്കുന്നതിനായി ദിവസവേതനാടിസ്ഥാനത്തിൽ ഒരാളെ നിയോഗിച്ചിട്ടുള്ളതാണ്. പ്രസ്തുത ക്രമീകരണം തുടരാവുന്നതാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം
1.	ശാന്തി	1
	ആകെ	**1**

നന്നൂർ ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1		1.	ശാന്തി	1
2.	കഴകം	1			കഴകം	1
	ആകെ	**2**			**ആകെ**	**2**

ക്രമ നമ്പർ	പുതുതായി അനുവദിക്കാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

നന്നൂർ ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 55,837 രൂപ. ചെലവ് 7,11,741 രൂപ. വരവിനെ അധികരിച്ച ചെലവ് 6,55,904 രൂപ (ചെലവ്, വരവിന്റെ പന്ത്രണ്ടര ഇരട്ടിയിലധികം).

പ്രതിമാസം ശരാശരി 4,700 രൂപയിൽ താഴെ വരവും 59,000 രൂപയ്ക്ക് മുകളിൽ ചെലവുമുള്ള നന്നൂർ ദേവസ്വത്തിലെ ശാന്തിപ്രവൃത്തിക്കായി ഫുൾടൈം തസ്തിക നിലനിർത്തേണ്ടതില്ലായെന്ന് വിലയിരുത്തുന്നു. ഫുൾടൈം ശാന്തി തസ്തിക ഒഴിവാക്കാവുന്നതും പകരം പാർട്ട്ടൈം ശാന്തി തസ്തിക അനുവദിക്കാവുന്നതുമാണ്.

ഫുൾടൈംക്ഷേത്രമാകയാൽ, നന്നൂർ ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തി തസ്തികയിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. രണ്ടുനേരവും ഹാജരായി ശാന്തിപ്രവൃത്തി നിർവ്വഹിക്കുന്ന പാർട്ട്ടൈം ശാന്തിക്ക് അനുവാദമുള്ള അധികഅലവൻസ്, നന്നൂർ ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തിക്ക് ചെലവെഴുതി കൊടുക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

കഴകം തസ്തിക ഒഴിവാക്കാവുന്നതും നന്നൂർ ദേവസ്വത്തിലെ കഴകപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ്പ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തിക	എണ്ണം	റിമാർക്സ്
1.	ശാന്തി (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്
	ആകെ	1	

കുന്നേക്കാട് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1		1.	ശാന്തി	1
2.	കഴകം	1		2.	കഴകം	1
	ആകെ	**2**			**ആകെ**	**2**

ക്രമ നമ്പർ	പുതുതായി അനുവദിക്കാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	1

കുന്നേക്കാട് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 1,06,682 രൂപ. ചെലവ് 9,83,377 രൂപ. വരവിനെ അധികരിച്ച ചെലവ് 8,76,695 രൂപ (ചെലവ്, വരവിന്റെ ഒൻപതിരട്ടിയിലധികം).

കുന്നേക്കാട് ദേവസ്വത്തിലെ കഴകം തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത തസ്തികയിൽ ജീവനക്കാരനെ നിയമിച്ച്, ടിയാന്റെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, വരവിനെ അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

കുന്നേക്കാട് ദേവസ്വത്തിലെ പ്രതിമാസ ശരാശരി വരവ് 8,900 രൂപയിൽ താഴെയും ചെലവ് 81,000 രൂപയ്ക്ക് മുകളിലുമാണ്. ക്ഷേത്രവരവിലെ കുറവ് പരിഗണിച്ച്, കുന്നേക്കാട് ദേവസ്വത്തിലെ ശാന്തിപ്രവൃത്തിക്കായി ഫുൾടൈം തസ്തിക നിലനിർത്തേണ്ടതില്ലായെന്ന് വിലയിരുത്തുന്നു. ഫുൾടൈം ശാന്തി തസ്തിക ഒഴിവാക്കാവുന്നതും പകരം പാർട്ട്ടൈം ശാന്തി തസ്തിക അനുവദിക്കാവുന്നതുമാണ്.

കുന്നേക്കാട് ദേവസ്വം ഫുൾടൈമായതിനാൽ, ടി ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തി തസ്തികയിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. രണ്ടുനേരവും ഹാജരായി ശാന്തിപ്രവൃത്തി നിർവ്വഹിക്കുന്ന പാർട്ട്ടൈം ശാന്തിക്ക് അനുവാദമുള്ള അധികഅലവൻസ്, കുന്നേക്കാട് ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തിക്ക് ചെലവെഴുതി കൊടുക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

കഴകം തസ്തിക ഒഴിവാക്കാവുന്നതും കുന്നേക്കാട് ദേവസ്വത്തിലെ കഴകപ്രവൃത്തി നിർവ്വഹിക്കുന്നതിനായി സബ്ഗ്രൂപ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ ഒരാളെ നിയോഗിക്കുന്നതിനും ടിയാൾക്ക് കഴകം തസ്തികയിലെ പകരംവ്യവസ്ഥയ്ക്ക് അനുവാദമുള്ള നിരക്കിൽ അലവൻസ് ചെലവെഴുതി കൊടുക്കുന്നതിനും അനുമതി നൽകാവുന്നതുമാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം	റിമാർക്സ്
1.	ശാന്തി (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്
	ആകെ	**1**	

കരുനാട്ടുകാവ് സബ്ഗ്രൂപ്പ്

കരുനാട്ടുകാവ് ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1		1.	ശാന്തി	1
2.	വാച്ചർ	1		2.	വാച്ചർ	1
3.	കഴകം	1				
	ആകെ	**3**			**ആകെ**	**2**

ക്രമ നമ്പർ	പുതുതായി അനുവദിക്കാവുന്ന തസ്തിക	എണ്ണം
1.	ശാന്തി (പാർട്ട്ടൈം)	1
	ആകെ	**1**

കരുനാട്ടുകാവ് ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 38,611രൂപ. ചെലവ് 8,96,983 രൂപ. വരവിനെ അധികരിച്ച ചെലവ് 8,58,372 രൂപ (ചെലവ്, വരവിന്റെ ഇരുപത്തിമൂന്ന്മടങ്ങിലധികം).

കരുനാട്ടുകാവ് ദേവസ്വത്തിലെ വാച്ചർ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത തസ്തികയിൽ ജീവനക്കാരനെ നിയമിച്ച്, ടിയാന്റെ ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

ജോലിഭാരം പരിഗണിച്ചതിൽ, വാച്ചറുടെ സേവനം ആവശ്യമുള്ളതായി കാണുന്നില്ല. വാച്ചർ തസ്തിക ഒഴിവാക്കാവുന്നതാണ്.

പ്രതിമാസം ശരാശരി 3,300 രൂപയിൽ താഴെ വരവും 74000 രൂപയ്ക്ക് മുകളിൽ ചെലവുമുള്ള കരുനാട്ടുകാവ് ദേവസ്വത്തിലെ ശാന്തിപ്രവൃത്തിക്കായി ഫുൾടൈം തസ്തിക നിലനിർത്തേണ്ടതില്ലായെന്ന് വിലയിരുത്തുന്നു. ഫുൾടൈം ശാന്തി തസ്തിക ഒഴിവാക്കാവുന്നതും പകരം പാർട്ട്ടൈം ശാന്തി തസ്തിക അനുവദിക്കാവുന്നതുമാണ്. കരുനാട്ടുകാവ് ദേവസ്വം ഫുൾടൈമായതിനാൽ, ടി ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തി തസ്തികയിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്. രണ്ടുനേരവും ക്ഷേത്രത്തിൽ ഹാജരായി ശാന്തിപ്രവൃത്തി നിർവ്വഹിക്കുന്ന

പാർട്ട്ടൈം ശാന്തിക്ക് അനുവാദമുള്ള അധികഅലവൻസ്, കരുനാട്ടുകാവ് ദേവസ്വത്തിലെ പാർട്ട്ടൈം ശാന്തിക്ക് ചെലവെഴുതി കൊടുക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

ക്രമ നമ്പർ	പുനഃക്രമീകരണത്തിനു ശേഷം നിലനിൽക്കുന്ന തസ്തികകൾ	എണ്ണം	റിമാർക്സ്
1.	ശാന്തി (പാർട്ട്ടൈം)	1	രാവിലെയും വൈകുന്നേരവും നിലവിലെ സമയക്രമം പാലിച്ച് ക്ഷേത്രനട തുറന്ന് പൂജാദികാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്
2.	കഴകം	1	
	ആകെ	**2**	

പാലിയേക്കര ദേവസ്വം

ക്രമ നമ്പർ	നിലവിലുള്ള തസ്തികകൾ	എണ്ണം		ക്രമ നമ്പർ	കുറവ് ചെയ്യാവുന്ന തസ്തികകൾ	എണ്ണം
1.	ശാന്തി	1		1.	നാഗസ്വരം	1
2.	വാച്ചർ	1		2.	തകിൽ	1
3.	നാഗസ്വരം	1		3.	കഴകം	1
4.	തകിൽ	1				
5.	കഴകം	1				
6.	തളി	1				
	ആകെ	**6**			**ആകെ**	**3**

പാലിയേക്കര ദേവസ്വത്തിലെ വാർഷിക (2019-2020) വരവ് 3,58,770 രൂപ. ചെലവ് 20,44,132 രൂപ. വരവിനെ അധികരിച്ച ചെലവ് 16,85,362 രൂപ. (ചെലവ്, വരവിന്റെ അഞ്ചര മടങ്ങിലധികം).

പാലിയേക്കര ദേവസ്വത്തിലെ കഴകം തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത തസ്തികയിൽ ജീവനക്കാരനെ നിയോഗിച്ച്, ടിയാളുടെയും സബ്ഗ്രൂപ്പ് ആസ്ഥാനമായി പ്രവർത്തിക്കുന്നത് പാലിയേക്കര ദേവസ്വമായതിനാൽ സബ്ഗ്രൂപ്പ് ഓഫീസറുടെയും ശമ്പളം കൂടി ചെലവിൽ ഉൾപ്പെടുമ്പോൾ, അധികരിച്ച ചെലവ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വർദ്ധിക്കുന്നതാണ്.

